DEC 1948
MADRAS


# പാരിജാതം

പുസ്തകം 2 | 1124 വൃശ്ചികം | ലക്കം 4


## മംഗളം

(ബ്രഹ്മശ്രീ. പരുതന്നായ മരവങ്കര ചെറിയ ശങ്കരൻനമ്പൂതിരി)

കാമന്റെ കാമ്യതനു ചുട്ടൊരു യോഗിയാരും
കാമന്നഴിച്ചുഴകിലങ്കതലത്തിലേറി
പ്രേമപ്രസംഗപരിപാടി കുറിച്ചു തന്ന
സാമര്‍ത്ഥ്യശാലിനി വഴിക്കവളാശ്രയാം മേ.

## ബ്രഹ്മശ്രീ നടുവത്തുമഹൻ നമ്പൂതിരി.*

—:അനുസ്മരണം:—

(ഡാക്ടർ, കോമാത്തു കൊച്ചുണ്ണിമേനോൻ, തൃശ്ശൂർ.)

"നമ്മളിൽ കണ്ടിട്ട കുറേക്കാലമായി; അടുത്തെങ്ങാൻ തൃശ്ശൂര്‍ വരുന്നുണ്ടെങ്കിൽ കണ്ടു പോകാറു," എന്ന പോഷണമെന്നും മററുമുള്ള സന്ദേശം അയക്കുമ്പോൾ അതിനൊട്ടൊരാഴ്ച തികയുന്ന ദിവസം ആ മഹാന്റെ ചരമവാര്‍ത്ത കേൾക്കുമെന്നു ആരോര്‍ത്തിരുന്നു? ആ ദുരവസ്ഥ അത്ര ആസന്നമായിരുന്നുവെന്നോ, അദ്ദേഹത്തിന്റെ മധുരസ്മരണകൾ ഇത്ര കാലെ എഴുതേണ്ടിവരുമെന്നോ അറിഞ്ഞിരുന്നെങ്കിൽ സന്ദേശകര്‍ത്താവും വാഹകനും ഒരാൾതന്നെയാകുമായിരുന്നു. ഇനി അക്കഥ പറഞ്ഞിട്ട കാര്യമില്ലല്ലോ.

ഞാൻ ആദ്യമായി നടുവത്തുമഹൻ നമ്പൂതിരിയായി പരിചയപ്പെട്ടതു 1911-ൽ അദ്ദേഹത്തിന്റെ പത്നീഗൃഹത്തിൽവെച്ചാണ്. വേഷവിധാനങ്ങൾകൊണ്ടും മററും യാതൊരാഡംബരപ്പകിട്ടില്ലും ഭ്രമിക്കാത്ത അദ്ദേഹം ആന്തരസംസ്കാരംതുളുമ്പുന്ന നാലുവാക്കുകൾകൊണ്ടു എന്നെ വശീകരിച്ചു. അദ്ദേഹമായി 33 കൊല്ലത്തെ കൂട്ടുകെട്ടിന്നിടയിൽ പല രസകരമായ സംഭവങ്ങളും സന്ദര്‍ഭങ്ങളും ഉണ്ടായിട്ടുള്ളതെല്ലാം സ്മരിച്ചെഴുതുക എന്നതു ക്ഷിപ്രസാദ്ധ്യമല്ല. അതിനാൽ, അദ്ദേഹത്തിന്റെ വാഗ്വിലാസം, ഫലിതം, കവിതാമര്‍മ്മജ്ഞത മുതലായവ ദ്യോതിക്കുന്ന ചില ഭാഗങ്ങൾ മാത്രമെ ഇവിടെ എടുത്തുപറവാൻ ഉദ്ദേശിക്കുന്നുള്ളു.

1914-ൽ അദ്ദേഹത്തിന്റെ സ്യാലനും എന്റെ സ്നേഹിതനുമായ ശ്രീ. പെരിഞ്ചേരി രാമൻമേനോന്റെ വിവാഹസംബന്ധിച്ച് ഇവിടെയുള്ള എന്റെ വസതിയിൽ ഒരു പകൽമുഴുവൻ അദ്ദേഹത്തിന്നു കഴിക്കേണ്ടിവന്നിട്ടുണ്ട്. വരനും, അതിഥികൾക്കും താമസത്തിനും, സല്ക്കാരത്തിനും സൌകര്യപ്പെടുത്തിയിരുന്നതു് ഈ സ്ഥലമായിരുന്നു. ഞാൻ അക്കൊല്ലത്തിലാണു വൈദ്യപരീക്ഷയിൽ പാസ്സായതു്. രാമൻമേനോന്റെയും എന്റെയും പൊതുസ്നേഹിതന്മാരായ ചെറുപ്പക്കാരിൽ ചിലരെല്ലാം കാലേക്കൂട്ടിത്തന്നെ ഇവിടെ സന്നിഹി

* ബ്രഹ്മശ്രീ നടുവത്തുശങ്കരൻനമ്പൂതിരി സ്വയം അയച്ചുതന്നതു്.

ന്മാരായിരുന്നു. വിനോദങ്ങൾക്കു വേറെ വഴികൾ ഉണ്ടായിരുന്നുവെങ്കിലും, ഞങ്ങൾ ചിലർ സമയം കളയാനായി സ്വപ്നപുരുഷന്റെ ചുറ്റും കൂടുകയാണുണ്ടായതു്. ദീർഘവും, സ്ഥൂലവുമായ അവയവങ്ങൾ, വിടർന്ന ദീപ്തിമത്തായ കണ്ണുകൾ, പ്രൌഢമായ സ്വരം, ഇതിനെല്ലാം നിഴലിടുന്ന ഒരു അധികാരശക്തി, ഇതെല്ലാം സരസമായി സമ്മേളിച്ചുള്ള ആ സംഭാഷണസരണി അദ്ദേഹത്തിന്നു ഒന്നു പ്രത്യേകംതന്നെയാണ്. ഒരിക്കൽ കേൾക്കുകയോ, കാണുകയോ ചെയ്താൽ അതു മനസ്സിൽനിന്നു മാഞ്ഞുപോകാൻ പ്രയാസമായിട്ടുള്ളതുമാണ്. രണ്ടുകൂട്ടമാണ് അദ്ദേഹത്തിന്നു ഏററവും ഇഷ്ടമായിട്ടുള്ളതു്. ഒന്നു കവിത, മററതു വ്യവഹാരം. ഈ രണ്ടിലൊരു വിഷയത്തിൽ കടക്കുമ്പോഴാണ് അദ്ദേഹത്തിന്നു തലയ്ക്കു ലഹരി. കഴിഞ്ഞുപോയ ശ്രീ. ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ ഭാഷാകവിതയെപ്പററി സംഭാഷണമധ്യേ ചില ആക്ഷേപങ്ങൾ വന്നപ്പോൾ, അദ്ദേഹം അവിടെ കേറിപ്പിടിച്ചു "രാജരാജവർമ്മകോയിത്തമ്പുരാൻ ഒരു വാസനാകവിയല്ലെന്നു നിങ്ങൾ തെററിദ്ധരിക്കയാണ്. അദ്ദേഹത്തിന്റെ സംസ്കൃതത്തിലുള്ള "ആംഗലസാമ്രാജ്യചരിതം" കാവ്യം നിങ്ങൾ ഒന്നു വായിച്ചാൽ അതു പറയില്ലെ"ന്നു പറഞ്ഞു. ഉടനെ അതിലെ ചില ശ്ലോകങ്ങൾ ചൊല്ലി അർത്ഥം പറയുകയുംചെയ്തു. അതിനെ വളരെ പുകഴ്ത്തി. വ്യക്തിപരമായ ഭാഷണമൊന്നു മാറിയപ്പോൾ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനെപ്പററിയായപ്പോൾ, അദ്ദേഹത്തിന്റെ യോഗ്യതയെ പരീക്ഷിച്ച ഒരു കഥ പറഞ്ഞു. "മഹാഭാരതം" തർജ്ജമചെയ്യുന്ന കാലത്തു ഒരുദിവസം അയ്യന്തോളിലുള്ള അപ്പൻതമ്പുരാൻ തിരുമനസ്സിലെ കോവിലകത്തു മഹൻ നമ്പൂതിരിയും യദൃച്ഛയാ ചെന്നുപെട്ടു. അപ്പൻതമ്പുരാൻ, മഹൻനമ്പൂതിരി, വേറെയും രണ്ടുപേർ-പേരുകൾ ഞാൻ ഓർക്കുന്നില്ല-കുഞ്ഞിക്കുട്ടൻതമ്പുരാൻ, ഇവർ അഞ്ചുപേരാൽമാത്രം അലങ്കൃതമായിരുന്നു ആ മുറി. അന്നു കുഞ്ഞിക്കുട്ടൻതമ്പുരാന്റെ തർജ്ജമയിലുള്ള പാടവം ഒന്നു പരീക്ഷിക്കേണമെന്നു ഇവർ നാലുപേരും പറഞ്ഞൊത്തു. മൂലം ഒരാൾ വായിക്കും, കുഞ്ഞിക്കുട്ടൻതമ്പുരാൻ ഉടനെ അതിന്റെ തർജ്ജമ ചൊല്ലും, വേറെ ഒരാൾ അതു എഴുതും, ഇതാണ് സാധാരണ ചട്ടം. അന്നു നമ്പൂതിരി മൂലശ്ലോകം വായിച്ചു. കുഞ്ഞിക്കുട്ടൻതമ്പുരാൻ തർജ്ജമയും ചൊല്ലി. എഴുത്തുകാരൻ അതു പകുത്തു് എഴുതിയിരുന്നു. അപ്പോൾ നമ്പൂതിരിയും അപ്പൻതമ്പുരാനും എഴുത്തുകാരനും തമ്മിൽ ഒന്നു മുഖത്തോടുമുഖം നോക്കി. അപ്പൻതമ്പുരാൻ "നല്ല ഭാഷയായില്ല അല്ലേ?" എന്നു ചോദിച്ചു. മററുള്ളവർ മൂളി. കുഞ്ഞിക്കുട്ടൻതമ്പുരാൻ അപ്പോൾ "എന്നാൽ എഴുതിക്കോളൂ" എന്നുപറയലും വേറെ ഒരു തർജ്ജമ ചൊല്ലലും ഉടനെ കഴിച്ചു. ഇതു കേട്ടപ്പോൾ നമ്പൂതിരി "അതും നല്ല പന്തിയായില്ല" എന്നു പറഞ്ഞു നാവെടുക്കുന്നതിന്നുമുമ്പു വേറെ ഒരു തർജ്ജമ മനഃപാഠം പഠിച്ചുവെച്ചിരിക്കുമ്പോലെ തമ്പുരാൻ ചൊല്ലി. ഇനി എഴുത്തുകാരനല്ലേ സമ്മതിപ്പാൻ പോകുന്നു! "പോരാ ഒന്നുകൂടി മനസ്സിരുത്തിയാൽ നന്ന്" എന്നായി അയാൾ. അതു കേൾക്കേണ്ട താമസം നാലാമതൊന്നുണ്ടാക്കി ചൊല്ലി. ഇത്രയും കഴിഞ്ഞപ്പോഴേയ്ക്കും അവർക്കു ഈ പണി വേണ്ടിയിരുന്നില്ലെന്നായി. തോൽവി സമ്മതിച്ചു. ഒടുക്കം അവർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിനോടു "ഒന്നും ദോഷമായിട്ടല്ല, ഞങ്ങൾ അവിടുത്തെ പരീക്ഷിപ്പാൻവേണ്ടി എടുത്ത പണിയാണിതെ"ന്നു തുറന്നു പറഞ്ഞു. ആ മഹാനുഭാവന്നു അതുകൊണ്ടും യാതൊരു വികാരഭേദവും ഉണ്ടായില്ലത്രെ.

തിരിഞ്ഞുമറിഞ്ഞുകൊണ്ടു സ്വപ്നപുരുഷൻ എന്റെ നേരെ "പാതിക്കിരി" മാർക്ക് ആണിനെ പെണ്ണാക്കാനും, പെണ്ണിനെ ആണാക്കാനും കഴിയുമെന്നൊക്കെ കേട്ടിട്ടുണ്ടു് പാതിക്കിരിയാവുന്നതിന്നുമുമ്പ് അതെങ്ങിനെ സാധിച്ചു?" എന്നു എന്നോടു ചോദിച്ചു. "എനിക്കു മനസ്സിലായില്ല, തിരുമേനി എന്താണ് സൂചിപ്പിക്കുന്നതു്" എന്നു ഞാൻ പ്രതിചോദ്യംചെയ്തു. ആ "സുദ്യുമ്നചരിത"ത്തിലെ സുദ്യുമ്നന്റെ ഒരു പെണ്ണാവൽ വർണ്ണിച്ചിട്ടില്ലേ? കുമാരവനത്തിൽ കടന്നവരെല്ലാം പെണ്ണാവട്ടെ എന്നല്ലേ ശിവശാപം. അപ്പോൾ കടന്നാൽ പെണ്ണാവലും കഴിഞ്ഞു. കൊച്ചുണ്ണിമേനോൻ, സുദ്യുമ്നൻ അതിൽ കടന്നപ്പോൾ പെണ്ണായി എന്നു പറഞ്ഞു തള്ളാതെ, സുദ്യുമ്നനെ ഒരു പെണ്ണാക്കിയുണ്ടാക്കിയില്ലേ? എന്നാൽ എനിക്കു ആ ഭാഗമാണ് "കേമ" പിടിച്ചതു്. മനോധർമ്മം കേമമായി. ഡോക്ടരായതിന്നു ശേഷമാണെങ്കിൽ അതിൽ അത്ര അത്ഭുതപ്പെടാനില്ല. അതുകൊണ്ടു ചോദിച്ചതാണ്" എന്നുപറഞ്ഞതോടുകൂടി അന്നത്തെ അനന്തരകൃത്യങ്ങളിൽ പ്രവേശിച്ചു.

പിന്നെ അദ്ദേഹത്തെ കണ്ടതു 1916-ൽ ഞാൻ ബോംബയിൽനിന്നു മടങ്ങിവന്നതിന്നു ശേഷമാണ്. ആ

ന് തിരുവഞ്ചിവഴിയായി എറണാകുളത്തേയ്ക്കു പോകുമ്പോഴാണ് ചാലക്കുടിയിൽനിന്ന് അദ്ദേഹവും എൻെറ മുറിയിൽത്തന്നെ കയറി. കുശലപ്രശ്നത്തിനിടയിൽ "മാകുമാരമാരതുകളൊന്നോ......" എന്നുള്ള 'കവനകൌമുദി'യിലെ എൻെറ മംഗളശ്ലോകം അദ്ദേഹം ചൊല്ലിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു "ഇപ്പോഴും ഇതുതന്നെയാണ് എൻെറ കാര്യമായ ജോലി; കൊച്ചുണ്ണിത്തമ്പുരാൻ "അടിമയായതൊ വാണി!" എന്നു ഡോക്ടരെപ്പററി പറഞ്ഞതു് കുററമല്ല, അത്തരം പുതിയ കവിതകളൊന്നുമില്ലേ? പാതിരിക്കിരിമാരല്ലേ; പണംകിട്ടിയാലും കിട്ടിയാലും മതിയാവലുണ്ടോ, അല്ലേ? പിന്നെ എവിടെയാണ് കവിതയ്ക്കൊക്കെ എട? പോരെങ്കിൽ കുഴമടിയും. എഴുതാവുന്നവർ മടിപിടിച്ചിരുന്നാൽ ഭാഷ എങ്ങിനെ പോഷിയ്ക്കും? പോഷണം വേണം, വിട്ടമിൻ(Vi amin)വേണം എന്നും മററും ഘോഷിക്കുന്ന ആളുകളാണെന്താനും നിങ്ങൾ. അന്യന്മാരോടുപദേശിക്കുന്നതു അവനവൻ ചെയ്തുകാണിക്കില്ലാ, അല്ലേ?" എന്നുംമററും കാരണവസ്ഥാനത്തുനിന്നുള്ള ശകാരമട്ടായിരുന്നു. "വല്ല ചൊട്ടിച്ചം പന്തും വെച്ചു "പൊക്കാക്കക്കളി"ക്കയല്ലാതെ വലിയ വ്യുല്പത്തിയൊന്നുമില്ലാത്ത ഞങ്ങളൊക്കെ എന്തു് എഴുതാനാണ് തിരുമേനി" എന്നു ഞാൻ പറഞ്ഞതിനു സമാധാനം തന്നതു വേറെ ഒരു ചോദ്യം മൂലമാണ്. "വാല്മീകിക്കു എത്രകണ്ടു വ്യുല്പത്തിയുണ്ടായിരുന്നു? ആരാണ് അദ്ദേഹത്തെ കാവ്യം പഠിപ്പിച്ചതു? വ്യുല്പത്തിക്കുററം പറയാനെ വേണ്ടു, കവിതയെഴുതാൻ വേണ്ട. വ്യുല്പത്തിയുള്ളവരെഴുതിയാൽ അറിഞ്ഞും അറിയാതെയും തെററുകളുണ്ടാവും. അതില്ലാത്തവരെഴുതിയാൽ അറിയാതെ വരുന്ന തെററെ ഉണ്ടാവു. ഈ ഒരു വ്യത്യാസമെയുള്ളു" എന്നും മററുമായി യുക്തികൾ. തക്കം തുടങ്ങിയാൽ അദ്ദേഹം വിട്ടൊഴിയില്ല. അതിന്നെന്തെങ്കിലും ന്യായങ്ങളും "തൊട്ടന്യായ"ങ്ങളും കൊണ്ടുവന്നു പഴുതടച്ചുകളയും.

ഇതിന്നുശേഷം എറണാകുളം, തൃപ്പൂണിത്തുറ, കൊച്ചി എന്നീ സ്ഥലങ്ങളിൽ ഉദ്യോഗമായി ഇരിക്കുന്ന കാലങ്ങൾക്കിടയിൽ എറണാകുളത്തുവെച്ചു പല തവണയും കണ്ടുമുട്ടി കുറെനേരം വെടിപറഞ്ഞു പിരിയാറുണ്ട്. അന്നൊക്കെയും എനിയ്ക്കു യാതൊരു ഗന്ധമൊ രസമൊ ഇല്ലാത്ത വ്യവഹാരപ്രസംഗങ്ങൾ കുറെ മൂളികൊടുക്കണം. എന്നാൽ അതിലും പിടിക്കാത്ത വക്കീലന്മാരേയും, ജഡ്ജിമാരേയും പററിയുള്ള "ഡോസ്സകരം" ബഃഹൂരസമാണ്. എനിക്കു ചാലക്കുടിയിൽ ജോലിയായിരുന്ന കാലത്തും കുറേയേറെ അടുത്തു പെരുമാറി, കവിതയും വെടിപറയലുമായി കഴിച്ച ആ സുവർണ്ണാവസരങ്ങളും ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ഒപ്പത്തിനൊപ്പം തമ്മിൽ തമ്മിൽ സ്നേഹാർദ്രത്തോടെ ശകാരിപ്പാനുള്ള സ്വാതന്ത്ര്യം ഞങ്ങൾ രണ്ടുപേർക്കും അവസരം കിട്ടിയാൽ പാഴാക്കാറില്ല. കൊടുക്കുന്നതുപോലെതന്നെ വാങ്ങുന്നതിൽ മുഷിച്ചിലുമില്ല. ആത്മാർത്ഥത വേണ്ടേടിക്കിൽ, അതു ധാരാളമുണ്ടുതാനും.

1937-ലൊ മറെറാ ചൊവ്വരയിൽനിന്നു തൃശ്ശി. വഴിപത്രുക്കു വരുംവഴിക്കു ചാലക്കുടിയിലെത്തിയപ്പോൾ നമ്പൂതിരിയെക്കണ്ടു രണ്ടുവാക്കു പറഞ്ഞു പോകാമെന്നു കരുതി ഞാൻ എൻെറ കാർ പെരിങ്ങിരിവീട്ടിൻെറപടിക്കൽ നിർത്തി. നേരം ഏകദേശം ആറുമണിയോടടുത്തു. തിരുമേനിയില്ലെ എന്നു ചോദിച്ചു. ഉമ്മറക്കല്ലുകയറിയപ്പോഴേക്കും, എണ്ണയിലും, കുഴമ്പിലും ആറാടിക്കൊണ്ടു അദ്ദേഹം എറയത്തേയ്ക്കു വന്നു കുശലപ്രശ്നംകഴിഞ്ഞു് യാത്രപറഞ്ഞ് ഇറങ്ങുന്നസമയം "സ്നിഗ്ദ്ധതപോരാഞ്ഞിട്ടല്ലല്ലൊ ലോകിയം സ്വീകരിക്കാത്തതു്?" എന്ന് എന്നോടു ചോദിച്ചു. അതു കവിഞ്ഞൊഴുകി കണ്ണുമിഴിക്കാൻ പാടില്ലാഞ്ഞിട്ടാണെന്നു ഞാനും മറുപടി പറഞ്ഞു് പിരിഞ്ഞു. അതിൽപിന്നെ ഇതേവരെ തമ്മിൽ കാണ്മാൻ സാധിച്ചിട്ടില്ല. 1112 കന്നി 6-ാംനു- അയച്ച ഒരു മറുപടിയാണ് അദ്ദേഹത്തിൻെറ എനിയ്ക്കുള്ള ഒടുവിലത്തെക്കത്തു്. സാധാരണപോലെ അതും പദ്യത്തിലാണ്. അക്ലിഷ്ടവും അനർഗ്ഗളവുമായ ആ കവിതാരീതി-ഇനി ആസ്വദിപ്പാൻ സാധിക്കാത്തതായ ആ രീതി-കാണിപ്പാൻ മാത്രമായി അതിലെ അവസാനത്തെ രണ്ടു ശ്ലോകങ്ങൾമാത്രം ഇവിടെ ഉദ്ധരിയ്ക്കാം.

VII മറുപടിവേഗമയക്കുക
കുറുമടി കാണിക്കിൽ ഞാൻ ശകാരിക്കും
ഒരുപടിവന്ദനമെന്നു-
ന്തിരുവടിമൽപ്രാണനാഥ പറയുന്നു.

VIII വയ്യാതായി സകലം
തയ്യാറായി; ക്ഷണം കിടച്ചില്ലാ
ചെയ്യാറുണ്ടു നമസ്തുതി
തിയ്യാളുംകണ്ണനെത്തുമവസാനം.

# ശ്രീ രാമകൃഷ്ണപരമഹംസൻ.

(ശ്രീ. എം. ആർ. കൃഷ്ണവാര്യർ, ബി. എ., എൽ. ടി.)

ഉപക്രമം

പ്രതീചിക്കിണങ്ങും പരിഷ്കാരസൂര്യൻ,
പ്രതീവ്രം പ്രകാശിക്കയാൽ, ഭാരതത്തിൽ,
കൃതീന്ദ്രാർഷസംസ്കാരമന്ദാരശാഖി-
ക്കതിവാതപക്ലേശമുണ്ടായിവന്നു. 1
ചലത് ഭൗതികാദർശവാദപ്രകാണ്ഡം
വിലങ്ങിപ്പതിച്ചാർഷചിന്താസരിത്തിൽ,
കലക്കം ജനിപ്പിച്ചു ശുദ്ധാമൃതത്തിൽ,
ചലത്കശ്മലബീജങ്ങളാവിർഭവിച്ചു. 2

അവതാരം

ഗളത്ഗ്ലാനിമൂലം, സ്വധർമ്മാഭകാലം
വിളക്കസ്തമിച്ചീടുമാറായമട്ടിൽ,
തളർന്നപ്പൊളുദ്ദീപനം ചെയ്തുകൊൾവാ-
നിളസ്സുള്ളിലീശാവതാരം ഭവിച്ചു. 3
1"പ്രസൂനായുധാരിപ്രദേശത്തു", കല്പ-
പ്രസൂനാംഗിയാം 2"ചന്ദ്ര", ചന്ദ്രോദയത്തിൽ,
പ്രസൂദേവകീദേവിയെപ്പോലെ, ബാല-
പ്രസൂതിക്കശേഷം പ്രസാദം വഹിച്ചു. 4

1) കാമാർപ്പുരത്ത്. 2) ഭഗവാന്റെ മാതാവിന്റെ പേര്.

ബാല്യം

ഒരമ്പാടിയുണ്ണിക്കിടാവെന്നപോലെ,
1പരമ്പാടിയോടിക്കളിച്ചും ചിരിച്ചും,
2പരമ്പാടിപീശിപ്പശുക്കുട്ടികൾക്ക-
3സമ്പരപ്പാശുചേർത്തും കളിച്ചാൻ കുമാരൻ. 5

1. ധാരാളം പാട്ടുകൾ പാടി. 2. ചൗൽപടിയിളക്കി. 3. പരിഭ്രമം.

വ്രജസ്ത്രീജനങ്ങൾക്കുമാ, ബാലവൃന്ദ-
വ്രജത്തിന്നുമാനന്ദമുണ്ടാക്കുമല്ലോ,
നിജക്രീഡയാ തദ്ദയൽപക്കമുള്ളാ-
ക്കജസ്രം കിശോരൻ വിനോദം വിതച്ചാൻ. 6
1"ഗദാശങ്ഖപൂർവ്വംധരൻ", ഗണ്യനാനാ-
2ഗദാർത്തർക്കു ശുശ്രൂഷ ചെയ്യും ചിലപ്പോൾ,
കദാചിൽ സ്വപാകർക്കു തത്ത്വോപദേശ-
പ്രദാനങ്ങൾ ചെയ്തും കളിച്ചുല്ലസിച്ചു. 7

1. ഗദാധരൻ എന്നായിരുന്നു ഭഗവാന്റെ പേർ. 2. രോഗാർത്തന്മാരെ സ്വീകരിച്ച് അവരുടെ ശുശ്രൂഷ ചെയ്തു കളിക്കുകയാണ് ചിലപ്പോൾ ചെയ്യുന്നത്. ഈ പദ്യം ഭാവിഫലംപാടി കാണിക്കുന്നു.

ഒരിക്കൽക്കളിക്കൃഷ്ണനായിട്ടു കാണാ-
മിരിക്കുന്നതെന്നല്ല, വേറിട്ടൊരിക്കൽ
ശരിക്കുത്ര സീതാമണാളന്റെ വേഷം
ധരിച്ചും കളിച്ചാൻ മണിക്കൊച്ചുകുട്ടൻ. 8

ഭക്തിഭാവോദയം

സമാസാദ്യസങ്കല്പബീജപ്രതീക്ഷാ
സമാരംഭമേവം തദീയാശയത്തിൽ

---

ഇതു നാലു തുണ്ടിട്ടു വരിവരിയായി എഴുതാതെ നീട്ടിയെഴുതിയാൽ നല്ല ഗദ്യംതന്നെ. ഇങ്ങിനെ സംഭാഷണരീതിയിൽ-എഴുത്തു അങ്ങിനെയാണ് വേണ്ടതു്-കവിതയെഴുതുവാൻ പ്രയാസമില്ലായ്ക കുഞ്ഞിക്കുട്ടൻ തമ്പുരാനേ കണ്ടിട്ടുള്ളൂ. കുട്ടികൾക്കുംകൂടി മനസ്സിലാകുന്നതാണെന്നുവന്നാൽ പ്രസാദഗുണത്തെപ്പറ്റി പിന്നെ പറയേണ്ടതില്ലല്ലോ? പഴയ "കൊടുങ്ങല്ലൂർസെററിൽ" അവശേഷിച്ചിരുന്ന ആ കവികോകിലം കളഗാനം നിർത്തി ചിറകടിച്ചു നിലം പതിച്ചുപോയി! അദ്ദേഹം "തയ്യാറായിട്ടു" വളരെക്കാലമായി. എങ്കിലും കൈരളിയും അസ്മാദൃശരും അത്ര തയ്യാറായിരുന്നില്ല. നിര്യാണം, മനസ്സിന്റെ പരിശുദ്ധിപോലെതന്നെ ശ്രമരഹിതവും ക്ഷിപ്രവുമായതു ആശ്വാസജനകവുമായിരുന്നു. ആ പുണ്യാത്മാവിന്നു നിത്യശാന്തിയടയട്ടെ! കഥാപുരുഷന്മാരായ അച്ഛനും, മകനും സാഹിത്യനഭോമണ്ഡലത്തിലെ രണ്ടു നടുനക്ഷത്രങ്ങളായിത്തന്നെ ഇനിയും തിളങ്ങും. മഹാന്റെ ശിഷ്യനും ഒരു തികഞ്ഞ വാസനാകവിയും ആയ ശ്രീ നടുവത്തു ശങ്കരൻ നമ്പൂരി ഇല്ലത്തെ ആ സാഹിത്യസമ്പത്തിന്നു യാതൊരു കോട്ടവും തട്ടാതെ അതു നിലനിർത്തും; നിശ്ചയം.

---

നാട്ടാരോത്തും നവം പാൽമൊഴിവഴികവിതാ
ദേവിയെക്കൊണ്ടുപോയ് "വൃ-
ന്ദോട്ടം", പിന്നീടുതാൻ 'വെണ്മണി'യോടു "നടുവ-
ത്തച്ഛ"നും മെച്ചമാക്കി;
മട്ടൊട്ടും മാറിടാതേ പലകൃതികൾ ചമ-
ച്ചുച്ചനെപ്പിന്തുടർന്നാ-
ളിട്ടൻതൻപുത്രനും പോയഹഹ! "മമസഖാ-
വൈഹികം വിട്ടു" വിണ്ണിൽ.

(ശ്രീ കുന്നെഴുത്തു പരമേശ്വരമേനോൻ)

—*—

1സമാവർത്തനത്തിങ്കലാനന്ദഭക്തി
ശ്രമാകല്പമായിക്കിളർന്നു ഫലിച്ചു. 9

1. സമാവർത്തനത്തിൽ വർഷങ്ങൾ കഴിഞ്ഞുപോയി.

കിശോരസ്വഭാവത്തിലാവിഷ്കൃതാവാ
പ്പുരോഭിഖ്യകാണായ കല്യാണമൂർത്തേ,
സ്വദേശാന്തരം പൂണ്ട പിന്നെ ബ്ഭവാൻ,സ-
പ്ര്യദേശദർശനം ചെയ്തതാശ്ചര്യമാണോ? 10

നാമകരണം

സമാരാമകൃഷ്ണാഭിധാഖ്യം പ്രദശി-
ച്ചുദാരാശയഗ്രാമയോഷാജനങ്ങൾ,
ശുഭാരാമകൃഷ്ണാഖ്യനാക്കിയ്യവാനെ,
ത്രൂരാകണ്ടു സംയുക്തദേവാവതാരം. 11

വിദ്യാഭ്യാസം

ചെറുപ്പത്തിലേതൊട്ടു ചേതസ്സിലേതും
പൊറുത്തില്ല പൊള്ളപ്പരിപ്പുക, ളെന്നാൽ
തരും പാലു പോലാസ്വദിച്ചു ഭവാന-
ച്ചെറുശ്ശേരി-തുഞ്ചന്റെ 1സാഹിത്യമെല്ലാം. 12

1. ചെറുശ്ശേരിയുടെയും, തുഞ്ചന്റെയും സാഹിത്യങ്ങളുടെ മൂല ഗ്രന്ഥങ്ങളിലെ കഥകൾ അരയന്ന പൂർണ്ണകഥകൾ എന്നു വിവക്ഷ.

പിതൃവിയോഗം

വയസ്സേഴരെന്നപ്പൊഴപ്പന്റെയാത്മാ-
വുയർന്നു ഴിവിട്ടു; ജനദൈവജനങ്ങൾ
പ്രയത്നം വിനാ പട്ടുവെൺപാമ്പലാക്കി
പ്രിയപ്പെട്ട പുത്രന്റെ കണ്ണിന്റെ മുമ്പിൽ. 13

സ്വഭാവത്തിലുണ്ടായിമാററങ്ങൾ, മൃത്യു-
പ്രഭാവസ്വരൂപാനപ്രയോഗേക്ഷണത്താൽ;
1പ്രഭാതം തുടങ്ങാം മുതൽമന്ത്രിന്റെ ശാഖാ-
വിഭാഗങ്ങളെക്കൊണ്ടു വിതാനമായി. 14

1. ബാല്യം പിതാവിന്റെ നിര്യാണം മുതലായ ദുഃഖസംഭവങ്ങൾ ഇരുളടഞ്ഞതായി.

നിശാവേളയിൽത്തന്റെ താതന്റെ തപ്ത-
ശ്മശാനസ്ഥലത്തുള്ള മാവിൻചുവട്ടിൽ,
നിശാന്താധിബാധിച്ചു കണ്ണീരൊഴുക്കി-
ക്കുശാംഗൻ ഭവാനേകനായ് ചെന്നിരുന്നു. 15

ബൃഹത്പ്രശ്നം-ഈ മൃത്യുജന്മാത്മശശ്വ-
ദ്രഹസ്യങ്ങൾ എന്തു? എന്നസംതൃപ്തചിത്തൻ
സഹസ്രായുതാവർത്തിചോദിച്ചു; കേട്ടി-
ല്ലിഹ,സ്വാഗതാർഹം സമാധാനമെന്നാൽ. 16

മതാചരണങ്ങൾ

1"വിശാലാക്ഷി" ദേവീഗ്രഹത്തിൽ ഭവാൻ സ്ത്രീ-
2വിശാലാക്ഷിമാരൊത്തു പോയിക്കരേറനാൾ
3ശശാങ്കാംശചൂഡാംഘ്രിസേവിച്ചിതാത്മ-
പ്രശാന്തിക്കുവേണ്ടി പ്രഭാ(4)തോദയത്തിൽ. 17

1. കാമാരപുരത്തുള്ള വിശാലാക്ഷിക്ഷേത്രം. മധുരയിലെ പ്രസിദ്ധ മീനാക്ഷിക്ഷേത്രം പോലുള്ള ഒരു ഭഗവതീക്ഷേത്രമാണിതു. 2. ഇവിടെ സ്ത്രീകൾ ദർശനത്തിന്നു പോകുക സാധാരണമാണ്. 3. അംബികാ "ശശിഖണ്ഡിതജടാചൂഡാം" എന്ന ലഘുസ്തുതിഭാഗം നോക്കുക. 4. പ്രഭാതോദയത്തിൽ നിർമ്മാല്യം കണ്ടു തൊഴുക. നമ്മുടെ നാട്ടിലും ഉള്ള ഒരാചാരമത്രേ.

വഴിക്കു1ങ്ങുപോകും വഴിക്കിമ്പമേറെ-
പ്പൊഴിക്കുന്ന ദേവീകഥാ2സംഭവങ്ങൾ
മൊഴിഞ്ഞും, നടിച്ചും, ചെവിക്കും, മിഴിക്കും
വഴിഞ്ഞതകിക്കൂട്ടർക്കു സാഫല്യമന്നാൾ. 18

1. അങ്ങ്-ഭവാൻ. 2. മധുകൈടഭവധം, മഹിഷാസുരമർദ്ദനം, ധൂമ്രലോചനവധം, ചണ്ഡമുണ്ഡാസുരനിഗ്രഹം, രക്തബീജസംഹാരം, ശുംഭനിശുംഭനിഗ്രഹങ്ങൾ മുതലായ കഥകൾ.

സന്യാസരതി

ഒരിക്കൽ പവിത്രാഭദേകാലുനാസദ്ദ്വേ-
ശപരിക്കുള്ളോരിക്ഷേത്രസങ്കേതഭൂവിൽ,
ഇരിക്കുന്നതായ് കണ്ട സന്യാസിയെ സ്വീ-
കരിച്ചാൻ ഭവാൻ തന്റെ യാചാര്യനായി. 19

കരിങ്കുള്ളരായുള്ള സന്യാസിമാർ, സ-
ഞ്ചരിച്ചപ്രദേശത്തു തൽക്കൂട്ടുകെട്ടിൽ
തിരിച്ചെത്തുമോ പുത്രനെന്നമ്മശങ്കി-
ച്ചിരിക്കുന്നതായ് വന്നിതുൽക്കണ്ഠയോടേ. 20

സ്വമാതാവിനുൽക്കണ്ഠയാവശ്യമില്ലെ-
ന്നമാപാദഭക്തിപ്രകർഷോദയത്താൽ,
കുമാരൻ സ്വചേതസ്സുസ്വസ്ഥമാക്കി, ക്രമത്തിൽ-
സ്സമാധാനമുണ്ടാക്കിയമ്മയ്ക്കുവിന്നുള്ളിൽ. 21

പുനസ്സന്നവാദ്ധ്യാത്മികജ്ഞാനലബ്ധി-
ക്കനേർഘപ്രയത്നങ്ങൾ ചെയ്യുന്നതായി
ദിനംതോറുമശ്ശീലമാകുന്നതായി; പുത്രാ-
നനത്തിൽ പരബ്രഹ്മതേജസ്സുദിച്ചു. 22

(ബാക്കി അടുത്ത ലക്കത്തിൽ)

# കേരളത്തിലെ പ്രാചീനവിദ്യാഭ്യാസം.

[ശ്രീ. കുന്നേഴത്തു പാലേക്ക ചന്തുമേനോൻ.]

മലയാളബ്രാഹ്മണരായ നമ്പൂതിരിമാർക്കു വേദാദ്ധ്യയനത്തിന്നായി തിരുനാവായിലും തൃശ്ശിവപേരൂരും രണ്ടുമഠങ്ങൾ പുരാതനകാലംമുതൽക്കുതന്നെ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ആ രണ്ടു മഠങ്ങളിലേയ്ക്കും ഓരോ ഉപാദ്ധ്യായന്മാരും അവിടെ വേദാദ്ധ്യയനത്തിന്നായി താമസിക്കുന്ന ബ്രഹ്മചാരികൾക്കു വേണ്ടുന്ന സകല ചെലവുകളും നടത്തുവാൻ തക്ക ഭൂസ്വത്തുക്കളും ഉണ്ടു്. ആ സ്വത്തുക്കൾ ധനാഢ്യന്മാരായ ഓരോ ജന്മികളും, പ്രഭുക്കന്മാരും, രാജാക്കന്മാരും ഔദാര്യപൂർവ്വം ദാനം ചെയ്തിട്ടുള്ളതാണ്. ആ സ്വത്തുക്കളുടെ ആദായംകൊണ്ടു വേദാദ്ധ്യായികളായ അന്തേവാസികളുടേയും വൈദികന്മാരായ അതിഥികളുടേയും ആഹാരാദികൾ നടത്തുകയും അദ്ധ്യയനത്തിന്നായി അവിടെ താമസിക്കുന്ന ശിഷ്യന്മാരെ ഓത്തുചൊല്ലിക്കുകയും സത്യം, ശൌചം, ദയ, ദാക്ഷിണ്യം മുതലായ സദ്ഗുണങ്ങളോടുകൂടി വളർത്തി ബ്രാഹ്മണജാതിയുടെ മാഹാത്മ്യത്തെ പുലർത്തി നിലനിർത്തുകയും ചെയ്യുന്നതിൽ പ്രധാനഭാരവാഹികൾ ഈ ഉപാദ്ധ്യായന്മാരാകുന്നു. തിരുനാവായോഗത്തിന്റെ രക്ഷാകർത്തൃത്വം നെടിയിരിപ്പു സ്വരൂപത്തിലേക്കും തൃശ്ശിവപേരൂർ യോഗത്തിന്റെ ആദ്ധ്യക്ഷം പെരുമ്പടപ്പു സ്വരൂപത്തിലേക്കും ആകുന്നു. ഈ രണ്ടു മഠങ്ങളിലും വേദബാഹ്യന്മാർക്കു പ്രവേശമില്ല. വേദാർഹന്മാരിൽ ഇന്നിന്ന ഇല്ലക്കാർ തിരുനാവായോഗക്കാർ എന്നും ഇന്നിന്നവർ തൃശ്ശിവപേരൂർ യോഗക്കാർ എന്നും നമ്പൂതിരിമാരുടെ ഇടയിൽ പണ്ടത്തെകാലംമുതല്ക്കുതന്നെ ദൃഢമൂലമായ സാങ്കേതികനിയമമുണ്ടു്. ആ നിയമത്തെ അനുസരിച്ചു് അവരെ "തിരുനാവാ യോഗക്കാർ" എന്നും, "തൃശ്ശിവപേരൂർ യോഗക്കാർ" എന്നും നിർണ്ണയിക്കുന്നു. തിരുവനന്തപുരത്തു മുറജപത്തിന്നും, കോഴിക്കോട്ടു തളിയിൽ താനത്തിന്നും മററും രണ്ടു വാദ്ധ്യാന്മാരേയും അവരുടെ അധീനത്തിൽ ഉള്ള യോഗത്തിൽപെട്ട നമ്പൂതിരിമാരേയും ചൊവ്വേറെ ക്ഷണിക്കുകയും ചേക്ക ചാർത്തുകയും പതിവാണ്. പുരാതനകാലത്തു പെരുമ്പടപ്പുസ്വരൂപത്തിന്റെ മൂലസ്ഥാനം കുന്നംകുളത്തുനിന്നു വടക്കപടിഞ്ഞാറു് ഇപ്പോൾ പൊന്നാനി താലൂക്കിൽ ചെളുകിടക്കുന്ന വന്നേരിനാട്ടിൽ "ചിത്രകൂട"ത്തിങ്കലായിരുന്നു. അന്നത്തെ രാജധാനിയുടെ നഷ്ടശിഷ്ടങ്ങൾ അവിടെ ഇന്നും പ്രത്യക്ഷമായിക്കാണുന്നുണ്ടു്. ആ സ്ഥലം "ഏറാട്ടു"-"പെരുമ്പടപ്പു" മത്സരകാലത്തു് ഒരിക്കൽ സാമൂതിരിക്കൈവശമാകുകയും, അതു പിന്നെ പെരുമ്പടപ്പു രാജാക്കന്മാർക്കു വീണ്ടെടുക്കുവാൻ സാധിക്കാതെ പോകുകയും, അങ്ങിനെ സാമൂതിരിയുടെ രാജ്യത്തിൽ ചേരുകയും, സാമൂതിരിയുടെ രാജ്യം ടിപ്പുസുൽത്താനും, ടിപ്പുവിനെ ജയിച്ചു ബ്രിട്ടീഷുകാരും കൈവശപ്പെടുത്തുകയും ചെയ്തു.

ഈ വക ചരിത്രകാര്യങ്ങളുണ്ടാകുന്നതിന്നുമുമ്പു തിരുനാവായ്മുതൽ വടക്കോട്ടുള്ള പ്രദേശങ്ങളെല്ലാം നെടിയിരുപ്പിലും അവിടുന്നു തെക്കോട്ടുള്ള പ്രദേശം പെരുമ്പടപ്പിലും ചേർന്നുകിടന്നിരുന്ന കാലത്തു മേൽപറഞ്ഞ രണ്ടു യോഗക്കാരുടേയും വേദമത്സരപരീക്ഷ കൊല്ലത്തിൽ ഒരിക്കൽ നടത്തുക എന്നൊരു പതിവുണ്ടു്. അതു മുൻപറഞ്ഞ പെരുമ്പടപ്പുസ്വരൂപത്തിന്റെ മൂലസ്ഥാനമായ "ചിത്രകൂടം" എന്ന സ്ഥലത്തിനടുത്ത "കടവല്ലൂർ" ശ്രീരാമക്ഷേത്രത്തിന്റെ വാതിൽമാടത്തിൽവെച്ചാണ്. വൃശ്ചികം ഒന്നാംതിയതിമുതൽ ധനു പത്താംതിയതിവരെയുള്ള മണ്ഡലകാലത്തു നമ്പൂതിരിമാർ സംഘംചേർന്നു വേദഘോഷംകൊണ്ടു പരദേവതമാരെ സേവിക്കാറുണ്ടല്ലോ? ഇങ്ങിനെ വേദഘോഷംകൊണ്ടുചെയ്യുന്ന ഈശ്വരസേവയ്ക്കു "വാരമിരിക്കുക" എന്നുകൂടി ഒരു സംജ്ഞാന്തരമുണ്ടു്. കടവല്ലൂർ ക്ഷേത്രത്തിൽ കൊല്ലംതോറും നടത്തിവരുന്ന 'വാരം' വളരെ പ്രധാനമായിട്ടാണു നടന്നുവന്നിരുന്നതു്. തൃശ്ശിവപേരൂരിലും തിരുനാവായിലുമുള്ള ഉപാദ്ധ്യായന്മാരുടെ കീഴിൽ വേദാദ്ധ്യയനം കഴിച്ചു നൈപുണ്യം സമ്പാദിച്ചിട്ടുള്ള രണ്ടു യോഗത്തിലേയും ബ്രഹ്മചാരികൾ തമ്മിലുള്ള മത്സരമാണ് അതിൽ നടക്കാറുള്ളതു്. ഇതിന്നു "കടവല്ലൂർ അന്യോന്യം" എന്നാണു നമ്പൂതിരിമാരുടെ ഇടയിലുള്ള സാങ്കേതികസംജ്ഞ. മത്സരികളായ യുവാക്കന്മാർ സർവ്വസമ്മതന്മാരായ വൃദ്ധവൈദികന്മാരുടെ സദസ്സിലിരുന്നു വേദപ്രയോഗത്തിലെ താന്താങ്ങളുടെ പ്രാഗത്ഭ്യത്തെ പ്രകടമാക്കുന്നതിന്നുള്ള

ആവശ്യമാണിതു്. വേദവാക്യങ്ങൾ ഉച്ചരിക്കുന്നതിൽ സ്വരങ്ങൾക്കാണ് ഏററവും പ്രാധാന്യമുള്ളത്. ഉദാത്തം, അനുദാത്തം, സ്വരിതം എന്ന സ്വരങ്ങൾ ഈ വിധമാകുന്നു "ഉച്ചൈരുദാത്തഃ"; "നീചൈരനുദാത്തഃ"; 'സമാഹാരസ്സ്വരിത്', എന്ന സൂത്രങ്ങളെക്കൊണ്ടു പാണിനി ഈ സ്വരങ്ങളെ ശബ്ദശാസ്ത്രത്തിൽ വിധിച്ചിട്ടുണ്ടു്. എന്നാൽ ഈ വിധികൊണ്ടു ആ സ്വരങ്ങളോടുകൂടിയ വൈദികശബ്ദങ്ങളെ ഉച്ചരിക്കേണ്ടതു് എങ്ങിനെയെന്നു് അറിവാൻ സാധാരണക്കാൎക്കു കഴിയുന്നതല്ല. ഉപാദ്ധ്യായന്മാർ ചൊല്ലിക്കൊടുക്കുകയും അതുകേട്ടു ശിഷ്യന്മാർ അതുപോലെ ചൊല്ലിയുറപ്പിക്കുകയും ചെയ്താൽമാത്രമേ ഈ സ്വരങ്ങൾ അതാതു സ്ഥാനത്തു തെററാതെ പ്രയോഗിപ്പാൻ സാധിക്കുകയുള്ളൂ. ഈ വിഷയത്തിൽ ഗുരുശിഷ്യന്മാരുടെ ശ്രദ്ധയും നിഷ്കൎഷയും വളരെ ഗൌരവമുള്ളതാകുന്നു. ഓതിക്കോൻ ഓതിക്കൊടുക്കുന്നതുപോലെ ശിഷ്യൻ ഓതുന്നുണ്ടോ എന്നറിവാൻ ഓതിക്കോന്മാൎക്കു വളരെ ഏകാഗ്രമായ ശ്രദ്ധ വേണം. ശിഷ്യന്മാർ ഓതുന്നതിലെ ഉദാത്താദിസ്വരങ്ങളിൽ പിഴവരുന്നുണ്ടെങ്കിൽ ഓതിക്കോന്മാർ ആ പിഴകൾ അപ്പപ്പോൾ തിരുത്തിപ്പിക്കണം. ഓതിക്കോൻ ചൊല്ലുന്നതു ശ്രദ്ധയോടുകൂടികേട്ടു ശിഷ്യൻ അതുപോലെ ചൊല്ലുവാനും ഏകാഗ്രത അത്യാവശ്യമാണ്. ഈ ശിഷ്യധൎമ്മത്തെയാണ് "ശുശ്രൂഷ" എന്ന പദംകൊണ്ടു നിൎദ്ദേശിക്കുന്നതു്. വേദപരീക്ഷയിൽ പരീക്ഷകന്മാർ പരീക്ഷ്യന്മാരോടു ഓത്തിലെ ഇന്ന ഭാഗം ചൊല്ലണം എന്നു നിൎദ്ദേശിക്കുന്നതു് വാക്കുകൊണ്ടല്ല, ഹസ്തമുദ്രാരൂപമായിട്ടാണ്. അതിന്നും ചില പ്രത്യേകസങ്കേതങ്ങളുണ്ടു്. രണ്ടു കൈയിന്റെയും ഇന്നിന്ന വിരലുകളുടെ ഇന്നിന്നഭാഗത്തെ സ്പൎശിച്ചുകാണിച്ചാൽ വേദത്തിന്റെ ഇന്ന ഭാഗത്തിലെ ഇന്നാമത്തെ വാക്യം ചൊല്ലണമെന്നാണ് ആ നിയമം. ആ കൈമുദ്രകൾക്കു "അട്ടം പിടിക്കുക' എന്നാണ് അവരുടെ സങ്കേതം. 'അട്ടം' എന്നുള്ളതു് 'അഷ്ടകം' എന്നതിന്റെ തത്ഭവമായിരിക്കാം. അതുപോലെ 'വൎഗ്ഗം' എന്നതിന്നു 'വക്കം' എന്നാണ് തത്ഭവം. പരീക്ഷകന്മാർ ഇങ്ങിനെ കൈമുദ്രകൾകൊണ്ടു നിൎദ്ദേശിക്കുന്ന "അട്ടവക്ക"ങ്ങളെ അതിവേഗത്തിൽ തെററാതെ ധരിച്ചു് അതാതു വാക്യങ്ങളെ സ്വരംതെററാതെ പരീക്ഷ്യന്മാർ സഭയിൽ പ്രയോഗിച്ചാൽ സദസ്യന്മാരായ പരീക്ഷകന്മാർ ശിരശ്ചാലനം (തലകുലുക്കൽ)കൊണ്ടു ശരിവെക്കുകയും ഹസ്തതാഡനം(കൈകൊട്ടൽ)കൊണ്ടു പിഴച്ചു എന്നു സൂചിപ്പിക്കുകയും ആണു പതിവു്. പ്രയോഗങ്ങളെല്ലാം ശരിയായാൽ പ്രയോക്താവു വിജയിയായി എന്നു വ്യക്തമാക്കുന്നതിന്നു് അയാൾക്കു പിന്നെ ഇരിക്കേണ്ടുന്ന ഒരു സ്ഥാനമുണ്ടു്. അവിടെ ഇരിപ്പുറപ്പിക്കാം. പ്രയോഗത്തിൽ പിഴച്ചവർ പരാജിതന്മാൎക്കു പ്രത്യേകമുള്ള സ്ഥാനത്തു പോയിരുന്നുകൊള്ളണം. ആ ഇരിപ്പിന്നു "വാങ്ങിയിരിക്കുക' എന്നാണു പേർ.

ഇന്നത്തെ സൎവ്വകലാശാല, പരീക്ഷാവിജയികളുടെ സംഖ്യാബാഹുല്യവും സ്ഥാനവിശേഷങ്ങളുമനുസരിച്ചു കോളേജുകളുടെ ഗുണദോഷതാരതമ്യം ചെയ്യുന്നതുപോലെയാണ് തിരുനാവാ യോഗക്കാരുടെയും തൃശ്ശിവപേരൂർ യോഗക്കാരുടേയും ഈ കടന്നിരിപ്പുമത്സരം. ഈ പ്രയോഗത്തിന്നു തയ്യാറായി വരുന്ന ചെറുപ്പക്കാരുടെ സഭാപ്രവേശത്തിന്നു 'കടന്നിരിക്കുക' എന്നാണ് അവരുടെ ഇടയിലുള്ള സംജ്ഞ. ഇങ്ങിനെ കടന്നിരിക്കുന്നവരുടെ വിജയപരാജയങ്ങൾ അവരവരുടെ യോഗക്കാൎക്കും മഠാദ്ധ്യക്ഷനായ ഉപാദ്ധ്യായനും (വാദ്ധ്യാനും) മാനാവമാനഹേതുക്കളാണെന്നാണു നമ്പൂതിരിമാരുടെ നിശ്ചയം. ഇത്തരം കടന്നിരിപ്പുകളും പ്രയോഗമത്സരങ്ങളും പേരിന്നുമാത്രം ഇന്നും നടന്നുവരുന്നുണ്ടെങ്കിലും അതു നിൎജ്ജീവമായിട്ടാണെന്നു പറയേണ്ടിവന്നതിൽ ഏതു മലയാളിയും ലജ്ജിക്കുകയും വ്യസനിക്കുകയും ചെയ്യാതിരിക്കുകയില്ല. ഈയിടെയുണ്ടായ ക്ഷേത്രപ്രവേശംനിമിത്തം ഈയാണ്ടിൽ ഈ വേദമത്സരം അവിടെ നടത്തുവാൻ പ്രയാസമായിരിക്കുമെന്നും, പണ്ഡിതാഗ്രഗണ്യനായ ഇപ്പോഴത്തെ കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു അതു മുട്ടാതെ നടത്തുവാൻ എന്താണു വേണ്ടതെന്നു ഗാഢമായി ആലോചിക്കുന്നു എന്നും കേൾക്കുന്നു.

കടവല്ലൂർനിന്നു കുറെ കിഴക്കുഭാഗത്തു ശാസ്ത്രപാഠത്തിന്നുള്ള ഒരു സ്ഥാപനമുണ്ടു്. ചൊവല്ലൂർ സഭാമഠം എന്നാണ് അതിന്റെ പേർ. അവിടെ വ്യാകരണം, പൂൎവ്വമീമാംസ, ഉത്തരമീമാംസ(വേദാന്തം) ഈ ശാസ്ത്രങ്ങളെ പ്രധാനമായി പഠിപ്പിച്ചിരുന്നു. തൎക്കശാസ്ത്രത്തിന്നു കേരളത്തിൽ പ്രാചീനകാലത്തു വലിയ പ്രചാരമുണ്ടായിരുന്നില്ല. ചൊവ്വല്ലൂരിന്റെ സമീപത്തു 'പോക്കളം' എന്ന പ്രദേശത്തായിരുന്നു "മീമാംസാദ്ധ്യാപകഗുരുക്കന്മാരായ പച്ചൂർപട്ടേരി"മാരുടെ ഗൃഹം. വൈയാ

കരണശിരോമണികളായ കൂടല്ലൂർ നമ്പൂതിരിപ്പാടന്മാരുടെ ഗൃഹവും അവിടെനിന്നു വളരെ ദൂരത്തിലല്ല. ആ സഭാമഠത്തിൽ വ്യാകരണശാസ്ത്രം പഠിപ്പിപ്പാൻ പരമ്പരയായി കൂടല്ലൂർ നമ്പൂതിരിപ്പാടന്മാരെയാണു നിയമിച്ചിരുന്നതു്. പ്രസിദ്ധ വൈയാകരണനായ കൂടല്ലൂർ കുഞ്ഞുണ്ണിനമ്പൂതിരിപ്പാടു നാലഞ്ചു പന്തീരാണ്ടിനു മുമ്പിൽ ആ മഠാദ്ധ്യക്ഷനായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം തച്ഛിഷ്യനായ മഹാമഹോപാദ്ധ്യായൻ കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാട് ആയിരുന്നു പിന്നെ ആ സ്ഥാനം വഹിച്ചിരുന്നതു്. അദ്ദേഹത്തിന്റെ ചരമശേഷം ആ മഠത്തിലെ പഴയ താളിയോലഗ്രന്ഥങ്ങൾ കേടുവരാതെ സൂക്ഷിക്കുവാൻ മാത്രമായി ആരോ ഒരാൾ ഇപ്പോഴും നിയമിക്കപ്പെട്ടിട്ടുണ്ടായിരിക്കാം. അതാരാണെന്നു് അന്വേഷിച്ചറിയേണ്ടിയിരിക്കുന്നു. വ്യാകരണവും മീമാംസവും കഴിഞ്ഞാൽ കേരളീയന്മാർ പ്രധാനമായി പഠിച്ചിരുന്നതു ശ്രൌതസ്മാർത്തകർമ്മങ്ങൾക്കെല്ലാം കാലനിർണ്ണയം ചെയ്വാൻ അത്യാവശ്യമായ ജ്യോതിശ്ശാസ്ത്രമാണു്. പശ്ചസിദ്ധാന്തകോവിദന്മാരായ ദൈവജ്ഞന്മാർ ആ കാലത്തു കേരളത്തെ അലങ്കരിച്ചിരുന്നു. കരണപദ്ധതി, സ്ഫുടനിർണ്ണയം, ദശാദ്ധ്യായി, തന്ത്രസംഗ്രഹം, മുഹൂർത്തപദവി, ജാതകാദേശം, യുക്തിഭാഷ മുതലായ ജ്യോതിശ്ശാസ്ത്രങ്ങൾ അക്കാലത്തെ കേരളബ്രാഹ്മണരുടെ ജ്യോതിശ്ശാസ്ത്രപാണ്ഡിത്യത്തിന്റെ പരിണതഫലങ്ങളാകുന്നു.

ഹാ! കഷ്ടം! പ്രാചീനകേരളീയരുടെ വേദശാസ്ത്രാദിവിദ്യാഭ്യാസത്തിന്റെ രീതി ഒന്നൊന്നര നൂററാണ്ടിനിടയ്ക്കു എത്രത്തോളം മാറിയിരിക്കുന്നു? നമ്മുടെ വേദം, ശാസ്ത്രം, ഇതിഹാസം, പുരാണം മുതലായ ജ്ഞാനനിക്ഷേപങ്ങളെല്ലാം വിദേശികൾ അവരുടെ ഭാഷയിലേയ്ക്കു പരാവർത്തനംചെയ്തു് അച്ചടിച്ചുവയ്ക്കുന്ന പുസ്തകങ്ങളെ ആ ഭാഷ മുഖേന പഠിച്ചു വീണ്ടും അവയെ നമ്മുടെ ഭാഷയിലേയ്ക്കു പകർത്തി, അഭ്യസ്തവിദ്യന്മാർ എന്ന പേരെടുക്കുവാൻ നമ്മുടെ യുവാക്കന്മാർ ഇപ്പോൾ ഏതെല്ലാം വിധത്തിൽ പാടുപെടേണ്ടിവന്നിരിക്കുന്നു? ഇന്നിപ്പോൾ പാശ്ചാത്യഭാഷ പഠിച്ചു മട്രിക്കുലേഷൻ, ഇൻടർമീഡിയററ, ബി. ഏ., എം. ഏ. മുതലായ ബിരുദങ്ങളേയോ, പൌരസ്ത്യഭാഷകൾ പഠിച്ചു വിദ്വാൻ, ശിരോമണി, ഭൂഷണം, തിലകൻ മുതലായ സ്ഥാനങ്ങളേയോ സമ്പാദിച്ചെങ്കിൽ മാത്രമേ അഭ്യസ്തവിദ്യന്മാരുടെ സദ്യയിൽ പന്തിഭോജനത്തിനു് അർഹനാവുകയുള്ളു എന്നു വന്നിരിക്കുന്നു. ഇനി ഭാരതീയരുടെ സ്വാതന്ത്ര്യദശയിൽ വിദ്യാഭ്യാസത്തിനു വന്നുകൂടുവാനുള്ള പരിവർത്തനങ്ങൾ എന്തെല്ലാമാണെന്നു് ആർക്കറിയാം? ആംഗലേയർ നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസപരിപാടികളെ ഭാരതീയഭാഷകളിലേയ്ക്കു പരാവർത്തനംചെയ്തു "അമ്പലപ്പുഴത്തേവരു അത്ര സിവനുമല്ല; അത്ര വിസ്ണുവുമല്ല; ആകപ്പാടെയൊരു കാഞ്ഞിരകുത്തി" എന്ന ശാന്തിക്കാരൻ എമ്പ്രാന്തിരി പറഞ്ഞതുപോലെയാക്കിത്തീർക്കാതിരുന്നാൽ ഭാഗ്യം!

# സമരശേഷം.

[കവിതിലകൻ, ശ്രീ. വടക്കുംകൂർ രാജരാജവർമ്മാ]

IV

1 "ഇവരിൽ മൃതിചെയ്ത പുത്രനിൽത്താൻ
കരുണ കുന്നിയ പാപി വിശ്വഗർഹ്യൻ
കരയെ ഒട്ടുമവസ്ഥ ചേർത്തു നമ്മെ-
ക്കരകാണാക്കടലിത്തിൽ മുക്കി ദൈവം.

2 ഗിരിവാസികളാം കിരാതർപോലും
ചരിയാത്തുള്ള കഠോരപാപകർമ്മം
മറിവാറ്, കിടന്നുറങ്ങുമവർത-
ന്നരികിൽച്ചെപ്പായ് ഗുരുപുത്രനാചരിച്ചാൻ.

3 പകൽനീതിയൊടൊത്തു ചെയ്ത പോരിൽ
പ്രകടം വാച്ച പരാജയത്തിനേവം
പകരം പോക്കുവതിന്നു ധർമ്മബോധം
ശകലം പൂണ്ടവനാർക്കു കഴ്യുമൊങ്ങും?

4 ശരധാര പൊഴിച്ച പോർക്കളത്തിൽ
കരധാർഷ്ട്യം വെളിവാക്കിടേണ്ടതല്ലീ
പരധാമമണഞ്ഞു നിദ്രയിൽ ദുർ-
ബ്ബലധാടിത്തികവിത്ഥമാരു കാട്ടും?

5 ഗുരുവിൻ തനുജൻ, ദ്വിജൻ, തപസ്സും
വിരുത്തും വിദ്യയുമാണ്ടവൻ വിശിഷ്ടൻ
ഒരു കാടനമൊത്തിടാക്കടുങ്ക-
ശ്ശീരുളിൽ ചെയ്തതിഗർഹ്യവൃത്തനായി.

6 ക്ഷിതിഭൃത്കുലധർമ്മ,മാജി ചെയ്യാർ
മതിയേൽക്കാമഥവാ ജയിച്ചു പോരാം
അതിലില്ലഴൽ, വൈരിവങ്കടം കൈ-
ച്ചതികാണിച്ചതിലാണു സങ്കടം മേ.

7 ഒരുമട്ടിലിതും യഥാർത്ഥമോർത്താൽ
പുരുമാനസ്ഥിതിമത്സുതർക്കുമേകും
വിരുതാളുമവർക്കു നേർക്കുനിൽക്കാ-
നരുതാകും ദൃഢമെന്നു വന്നുവല്ലോ.

8 സുതസോമ! നികാമമോമനേ മ-
ത്സുത! സോമദ്യുതിസുന്ദരം ത്വദാസ്യം
സതതം വിനയാഭിരാമമീ ഞാൻ
ഹിതമോടൊന്നിനിയെന്നു കണ്ടിടുന്നു?

9 സ്മരസുന്ദര! വിശദഹർഷദം നിൻ
സരസാലാപവിലാസമോർത്തിടുമ്പോൾ
കരളാന്നെരിയുന്ന തീ, ദൃഢം തി-
കരളാർന്നങ്ങെരിയുമ്പോൾ മാത്രമാറും.

10 ത്രിപുരാരിയോടും കയർത്തു നിൽക്കാൻ
വിപുലാടോപമിയന്ന വീരനാം നീ
സ്വപുരാഗതവൈരിവീരരെക്കൊ-
ന്നപുനർജ്ജന്മപദം ഗമിച്ചിരിക്കാം.

11 തിലദത്തായമെനിക്കു നൽകിടും നീ
കിലവേണ്ടും പൊഴുതെന്നു ഞാൻ നിനച്ചേൻ
ഫലമെന്തുഭവിച്ചു, മദ്വിചാരം
ഖലദൈവം വിപരീതമാക്കിവെച്ചു.

12 വരരിന്ദ്രസമാനർ പുത്രർ ലോകോ-
ത്തരവീര്യൈകനികേതനങ്ങളെന്നും
മൃതവൈരിസുഖവസ്തുവേത്തുകൊണ്ടും
പരമം ഭാഗ്യമിയന്നു ഞാൻ വസിച്ചേൻ.

13 രമണക്കിയലും ബലത്തിനും തൽ
കമലാകാന്തകടാക്ഷകാരുണിക്കും
മമധർമ്മരതിക്കുമൊത്തതില്ല-
ക്രമമെൻ പുത്രരെയിങ്ങു രക്ഷചെയ്വാൻ.

14 നരനെന്തിനു ദൈവഭക്തി, ധർമ്മാ-
ദരമെന്തിന്നിഹ, നേരുമെന്തിനാകും?
ധരയിൽ ഖലവൃത്തി താൻ ജയിച്ചു-
ന്നിരയോർത്തുംഗപതാകപൊക്കിനിൽപ്പൂ.

15 ഉലകിൽ ഖലർസൌഖ്യമേൽക്ക,
ദുഃഖാകുലരായ് സത്തർ നശിക്കയിസ്വഭാവം
നിലനില്പുകിലീശ്വരൻ്റെശക്തി-
യ്ക്കുലവില്ലെന്നു നിനയ്ക്കുവാൻ ഞെരുക്കം.

16 മഹിയിൽസ്സുതരില്ല, സോദരന്മാർ
നഹി, ബന്ധുക്കളുമില്ലെനിക്കിവണ്ണം,
അഹിതംബത! മുമ്പുഞാൻവിചിന്താ-
രഹിതം ചൊല്ലിയവാക്കുസത്യമായി.

17 വനവഹ്നികരിച്ചകാടുകാലാൽ
ഘനപുഷ്പദ്രുമരാജിരമ്യമാകാം,
ഇനരശ്മികളാൽ വരണ്ടൊരാറും
ഘനകാലത്തു ജലം കവിഞ്ഞുപൊങ്ങാം,

18 ഇരുൾവാച്ചുകടുത്തകാളരാത്രി-
യ്ക്കൊരുസൂര്യോജ്ജ്വലമാം പുലർച്ചയുണ്ടാം,
ഉരുകും മരുഭൂമിയിൽ ഭവിക്കാം
തരുവല്ലീനികരങ്ങൾ കാലശക്ത്യാ,

19 സുതനാശവിഷാദവഹ്നികാളും
സുതൻകർമ്മക്കിയിലും മനോവനത്തിൽ
ധൃതമംഗലഹർഷപുഷ്പവൃക്ഷാ-
ഞ്ചിതഭാസ്സാളിന കാലമുൽഭവിക്കാം.

20 കദനാർക്കകരംവരട്ടിടും സ്ത്രീ
ഹൃദയാഭിഖ്യതടാകമണ്ഡലത്തിൽ
തദനന്തരമുൾപ്രമോദവായ്പാ-
മുദകം മെത്തിനകാലമുൽഭവിക്കാം.

21 സുതമൃത്യുവിഷാദമാംതമസ്സിൽ
വിതതിയ്ക്കാലയമാം വധൂമനസ്സിൽ
അതനിഷ്ടസുഖാഖ്യമാമുഷസ്സിൻ
സിതകാന്തിപ്രസരം സമുൽഭവിക്കാം

22 പരുഷംസുതഭാഗ്യശൂന്യതാസ-
ത്തരുളും സ്ത്രീമനമാംമരുസ്ഥലത്തിൽ
ഒരു കാലവുമേ പ്രമോദസൌഖ്യ-
പ്പെരുവൃക്ഷങ്ങൾ മുളച്ചിടാൻ ഞെരുക്കം.

23 സുതർ തൂമരിച്ചൊരമ്മയെന്നും
വിതതാതങ്കഭരം നിനച്ചിടുമ്പോൾ
സുതനിഷ്ടമതായ് ഭവിക്കുമെൻ ഹൃൽ-
സ്ഥിതശോകം പുരുസഹ്യമെന്നമട്ടാം."

24 സതിപാർഷതിശോകമാകുമാറി-
ന്നതിവേഗംകലരും പ്രവാഹവായ്പിൽ
മതിധൈര്യശിലാതലം തകർന്നാ-
സ്ഥിതിയിൽ സ്വാസ്ഥ്യമിയന്നുമേവിയേവം.

25 നെറിവാളിനനർമ്മകേളിയുൾത്താർ
വിരിയിക്കുന്നകലാവിനോദവൃത്തം
ഭരിതം മഹമെന്നിതാകെനീങ്ങി-
പ്പുരിയും ഗ്രാമവുമൊന്നുപോലെമങ്ങി.

26 എവിടത്തിലുമുററക്രൂരിരുട്ടാ-
മെവിടത്തിങ്കലുമുഗ്രമായമൌനം
അവിടം രണരാക്ഷസൻ്റെക്രുത്താ-
ലവശിഷ്ടം നവമേന്തിദൌസ്ഥ്യമേവം.

# പരിഷ്ക്കാരപുരോഗതി.

(ശ്രീ. പി. ഗോവിന്ദമേനോൻ, ബി. എ.)

"പരിഷ്കാരം" എന്ന പദം ഇക്കാലത്തു വളരെ പ്രചാരത്തിൽ വന്നിട്ടുണ്ട്. ഇരുപതാംനൂററാണ്ടുകാർ വളരെ പരിഷ്കൃതരാണെന്നാണു വെപ്പ്. ഇന്നത്തെ നില നോക്കുമ്പോൾ ആശാസ്യമായ ഒരു സ്ഥാനത്താണോ നമ്മുടെ നില്പെന്നുള്ളതു സംശയാവഹമായിരിക്കുന്നു. കുട്ടികൾക്കു "മണൽവാരി"യോ, "തൊണ്ണൂറാംകുരു"വോ ഉണ്ടാവുന്നമട്ടിൽ മനുഷ്യർക്കു നേരിടേണ്ടിവരുന്ന ഒരു രോഗമാണോ ഈ പരിഷ്കാരം എന്നുകൂടി ചില ചിന്തകന്മാർ ചോദ്യം ചെയ്യുന്നു!

വൈദ്യന്മാരുടെ വർദ്ധന ഒരു രാജ്യത്തിന്റെ പരിഷ്കാരത്തെക്കുറിക്കുന്നതായെടുക്കുന്നപക്ഷം കൊല്ലംതോറും അതു പെരുത്തുതന്നെയാണല്ലോ വരുന്നതു്. വൈദ്യശാസ്ത്രത്തിന്റെ പരിധി ഇത്ര വിസ്തൃതമായിരുന്നിട്ടും, ആരോഗ്യംതികഞ്ഞ മനുഷ്യരെ കാണ്മാൻ പ്രയാസമായിരിക്കുന്നു. ആരോഗ്യപരിപാലനത്തിന്നുതകുന്ന പല സാമഗ്രികളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ആരോഗ്യസംരക്ഷണത്തിൽ പക്ഷിമൃഗാദികളുടെ സാമർത്ഥ്യംപോലും മനുഷ്യന്നില്ലെന്നാണു പറയേണ്ടതു്! എന്നല്ല, പരിഷ്കൃതമനുഷ്യന്റെ കരലാളനങ്ങൾ ഏൽക്കുന്ന വീട്ടുമൃഗങ്ങൾപോലും പണ്ടില്ലാത്തവിധം സുഖക്കേടുകൾക്കു് അടിമപ്പെടുന്നുണ്ടെന്നു് അറിവായിരിക്കുന്നു! വനാന്തരങ്ങളിൽ സൈപരജീവിതം നയിച്ചുകൊണ്ടിരുന്ന ചില കാടൻവർഗ്ഗങ്ങൾ പരിഷ്കാരത്തിന്റെ കാറേറൽക്കുമ്പോഴെയ്ക്കും മസൂരിമുതലായ ചില രോഗങ്ങൾക്കിരയായി ഈച്ചകളെന്നവിധം ചത്തൊടുങ്ങുവാനിടയാവുന്നുണ്ടത്രേ!

പരിഷ്കാരംകൊണ്ടുള്ള രോഗം ശരീരത്തെ മാത്രമല്ല, മനസ്സിനെയും ബാധിക്കുന്നതാണു്. ഭ്രാന്താലയങ്ങളുടെ ആധിക്യം ഇതിന്നു സാക്ഷ്യം വഹിക്കും. റസ്കിൻ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ ജീവിതത്തിലെ രണ്ടു് ആദർശങ്ങൾ, "എന്തുതന്നെ നമുക്കുണ്ടായാലും അതിലും അധികം വേണം; എവിടെയായാലും പോരാ അവിടെനിന്നും ഒന്നു മാറണം", എന്നായിത്തീർന്നിട്ടുണ്ടു്. ഈ മാതിരിയുള്ള ഒരു അസ്വാസ്ഥത സർവ്വത്ര പടർന്നുപിടിച്ചിരിക്കുന്നു. സാമുദായികമായി നോക്കുന്നതായാലും കഥ പരുങ്ങലിലാണു്. സമുദായഘടന ശിഥിലമായിത്തീരുകയും, വ്യക്തികളും വർഗ്ഗങ്ങളും തമ്മിലുള്ള അസാമാന്യവൈപരീത്യങ്ങളുടെ ഫലമായി പലതരം കലഹങ്ങൾ ഉണ്ടായിത്തീരുകയും ചെയ്യുന്നു. നല്ല തൊപ്പികൾ കവുത്തിയാലും ദൂരശ്രവണയന്ത്രങ്ങൾ കുറെ വർദ്ധിപ്പിച്ചാലും പരിഷ്കാരം ആശാസ്യമായ നിലയിലെത്തുന്നില്ല.

ആധുനികജീവിതഗതി മനുഷ്യവർഗ്ഗത്തെ മഹനീയമായ ഒരു നിലയിൽ എത്തിക്കുന്നതാണോ എന്നതു വളരെ സംശയാസ്പദമാണു്. മി. കെ. റോബിൻസൺ എന്ന ശാസ്ത്രജ്ഞൻ ഭാവിമനുഷ്യനെ ഇങ്ങനെ ചിത്രീകരിച്ചിരിക്കുന്നു. "പല്ലുപോയ, കഷണ്ടികയറിയ, കാൽവിരലററ, ദുർബ്ബലങ്ങളായ മാംസപേശികളും അവയവങ്ങളുമുള്ള, ഇളകുവാൻ പ്രയാസപ്പെടുന്ന ഒരു ജീവി" എന്നു്. ഈ ഭാവി എത്ര വിചിത്രമെന്നു പറയേണ്ടതില്ലല്ലോ!

പരിഷ്കാരത്തിന്റെ ആരംഭം ഇന്നകാലം മുതൽ

27 നടനംഹിതഗീതകേളി,നാനാ
വിടസഞ്ചാരകഥാപ്രസംഗരംഗം
സ്ഫുടമീവകയാകെമാഞ്ഞുശോകോൽ-
ക്കടമായ് വന്നുകുരുക്കൾ തന്റെ രാജ്യം.
28 പുതുപാട്ടുകൾകൊണ്ടുമമ്പുകണ്ണാ-
മുതുവർഷിച്ചമനോജ്ഞമന്ദിരങ്ങൾ
അതുലംവിധവാവിലാപവൃഷ്ടി-
ക്കിതുനാളുന്നതമേഘമായിവന്നു.
29 പലപണ്ഡിതർ ശാസ്ത്രവാദകോലാ-
ഹലമേൽപ്പിച്ചുമുഴക്കിയുള്ളടിക്കിൽ
നലമോടതുചെയ്തശാരികാളീ-
കലരാവങ്ങൾ സഭാഗൃഹത്തിലെങ്ങും.
30 പ്രമദാജനപംക്തിപൂവാത്തും
ഭ്രമമാളുംവിടർതന്റെ ധീവരുത്തും
സമയം പകൽ വാണവാടിയെല്ലാ-
മമനസ്സുഷ്ടിദമന്നുവാടിയെല്ലായ്.
31 ഇരുളശ്രുവിലാപമൊപ്പമെങ്ങും
പെരുകും ശൂന്യതയിക്കുരുക്കളോലെ
കരുണാകണഗന്ധമററദൈവം
കുരുരാജ്യം നരകോപമാനമാക്കി.
32 ദിവസം ചിലതുഗ്രശോകവായ്പാ-
ലവനിക്കിങ്ങനെമങ്ങൽപൊങ്ങിനിൽക്കെ
സപവിശുദ്ധിയനായ ധർമ്മജൻ ഭൂ-
ധവസിംഹാസനമന്നലങ്കരിച്ചാൻ.

സമാപ്തം.

ന്നെ ഖണ്ഡിതമായി പറയുവാൻ പ്രയാസമാണ്. സ്വകാര്യസ്വത്തിന്റെ വർദ്ധനയും, അതുമൂലമുണ്ടായിത്തീന്ന വ്യവസ്ഥകളുമാണ് ഈ ദശയുടെ ആരംഭക്കുന്നാണ വെച്ചിട്ടുള്ളത് ആദ്യകാലങ്ങളിൽ സമുദായപരിധി സങ്കുചിതമായിരുന്നു; രക്തബന്ധം ആസ്പദിച്ചായിരുന്നു അതിന്റെ നിലനില്പ്. നിലത്തിന്റെ ഉടമ ചില പ്രത്യേകവർഗ്ഗങ്ങളുടേതായിത്തീന്നപ്പോൾ, നിലംകൈവശമില്ലാത്തൊരുവർഗ്ഗം ഉണ്ടായിത്തീന്നു. പാട്ടം, പണയം, പലിശ, കൂലിവേല, അടിമത്തം തുടങ്ങിയ വിവിധസമ്പ്രദായങ്ങൾക്കും അതു കാരണമാക്കി. ഒരു കൂട്ടം ആളുകൾ മറെറാരു കൂട്ടത്തെ കീഴൊതുക്കിവന്നു. ഈ ആധിപത്യം സംരക്ഷിക്കുവാൻ ഭരണകൂടവും പൊല്ലീസുകാരും സൃഷ്ടിക്കപ്പെട്ടു. ഈ മാതിരിയുള്ള ഒരു പതനമാണ ഓരോ സമുദായത്തിന്റെയും പരിഷ്കാരദശയെ സൂചിപ്പിക്കുന്നത്. സ്വത്തിനെ ആസ്പദിച്ചുള്ള വർഗ്ഗവിഭാഗവും, അതിന്റെ സംരക്ഷണത്തിന്നുള്ള ഭരണവ്യവസ്ഥയുമാണ് ഇതിന്റെ പ്രത്യേകതകൾ. എഴുത്തും വായനയും നടപ്പാവൽ, കൊടുക്കലും വാങ്ങലും അഭിവൃദ്ധിപ്പെടൽ എന്നിതുകളൊക്കെ ഈ പുരോഗമനത്തിന്ന സഹായകങ്ങളായിത്തീന്നു. സ്വത്തില്ലാത്ത വർഗ്ഗക്കാരെ അടക്കിയൊതുക്കിനിത്തുവാൻ കുറെ നീണ്ട "വടിധാരി"കളും വേണ്ടിവന്നു. ഈ മർദ്ദനശക്തിയുടെ ഏററക്കുറവാണ് ഓരോ രാഷ്ട്രത്തിന്റെ ഉന്നതിയുടെ ഗുരുലഘുത്വത്തെ കണക്കാക്കുവാനുള്ള ഇന്നത്തെ അളവുകോലായിത്തീന്നിട്ടുള്ളത്.

ഗ്രീസിലും, റോമിലും, പലസ്റ്റീനിലും, ഈജിപ്റ്റിലും ഇത്തരം വ്യവസ്ഥാപിതങ്ങളായ സമുദായങ്ങൾ ഉല്ലസിച്ചിരുന്നു. ഈ നിലയിൽനിന്നു അവയൊക്കെ പിന്നെ അധഃപതിക്കയാണുണ്ടായിട്ടുള്ളത്. എന്നാൽ, അപരിഷ്കൃതദശയെന്നു പറയപ്പെടുന്ന ആ ആദിമഘട്ടം എല്ലാംകൊണ്ടും മോശപ്പെട്ട ഒരു നിലയിൽതന്നെയായിരുന്നുവോ എന്നു നോക്കുമ്പോൾ അങ്ങനെയല്ലെന്നാണ തെളിയുന്നത്. ശാരീരികാരോഗ്യത്തെസ്സംബന്ധിച്ച് അന്നുള്ളവർ എത്രയോ ഉയന്നനിലയിലായിരുന്നു. ഇന്നും അപരിഷ്കൃതവർഗ്ഗങ്ങൾ ദൃഢഗാത്രരും, അരോഗികളും നിറഞ്ഞ സംഘങ്ങളത്രേ.

ഫ്രാങ്ക്ഓട്സ് എന്ന സഞ്ചാരി, അദ്ദേഹത്തിന്റെ ഡയറിയിൽ അമേരിക്കയിലൊരിടത്തു ഒരു രാജാവിനാൽ വധിക്കപ്പെടുവാൻ ആജ്ഞാപിതനായ ഒരാളുടെ കഥയെപ്പററി ഇങ്ങനെ വണ്ണിച്ചിട്ടുണ്ട്:—

"മഴകൊണ്ടുള്ള വെട്ടേററു് ആയാളുടെ പിടലിയിൽനിന്ന് ഒരു കഷണം പുറത്തേയ്ക്കു തെറിച്ചുപോയി. ചത്തെന്നു കരുതി ഉപേക്ഷിക്കപ്പെട്ട ആ "ആസാമി" കുറെകഴിഞ്ഞപ്പോൾ പതുക്കെ പിരണ്ടെണീററ് ഒരു കുടിക്കുംവലിക്കും അപേക്ഷിക്കയാണത്രേ ഉണ്ടായത്. ഒരു എലിക്കു പാപ്പാക്കത്തേക്കു പാകത്തിലൊരു തുള ആയാളുടെ തലയോടിന്നു താഴെയുണ്ടായിരുന്നിട്ടും ആയാൾ എഴുന്നേററു നടന്നു. ക്രമേണ അതു സുഖപ്പെടുകയുണ്ടായി"—. അത്തരം വർഗ്ഗക്കാരുടെ ബുദ്ധിശക്തിയും മോശമല്ല. അവരുടെ സാമുദായികഘടനയാവട്ടെ പരിമിതപരിധിയിലായിരുന്നെങ്കിലും, കുറെക്കൂടി ദൃഢവും സൗഹാർദ്ദപൂണ്ണവുമായിരുന്നുവെന്നും അറിവായിരിക്കുന്നു.

ഇത്തരമുള്ള താരതമ്യപഠനത്തിൽനിന്നു ഇന്നത്തെ പരിഷ്കാരത്തിന്നു പല കുറവുകളുമുണ്ടെന്നു വെളിപ്പെടുന്നു. ഒരു കാര്യം തീച്ചയാണ്. സഹകരണമനഃസ്ഥിതികൂടാതെ ഒരു പരിഷ്കാരത്തിനും ഏറെക്കാലം നിലനില്പാൻ സാദ്ധ്യമല്ല. മതഭ്രാന്തും, രക്തച്ചൊരിച്ചലും, ക്രൗര്യവും സർവ്വവിധപരിഷ്കാരപുരോഗതിയേയും തടയുന്നതാണ്. പരസ്പരം ദയാബുദ്ധിയോടുകൂടി വത്തിപ്പാൻ തയ്യാറില്ലെങ്കിൽ യഥാത്ഥപരിഷ്കാരം തലപൊക്കുന്നതല്ല. ഈ ബോധം എല്ലാവക്കും അത്യാവശ്യമാണ്. സുശോഭനമായ ഒരു സ്ഥിതിവിശേഷത്തെ ഉന്നംവെച്ചുകൊണ്ടാവണം പരിഷ്കാരഗതിയെന്നു പറയുന്നതിൽ വാദത്തിന്നവകാശമില്ലെന്നിരിക്കുന്നു. മനുഷ്യനും പരിതഃസ്ഥിതിയുമായുള്ള ബന്ധത്തെക്കുറിച്ചു ശരിയായ ധാരണയുണ്ടായിത്തീന്നാലേ ലോകത്തിന്റെ നില ആശാസ്യമായിത്തീരുകയുള്ളൂ. "നാനാത്വത്തിൽ ഐക്യം" എന്നതാണ പരമതത്വം. അതിലേയ്ക്കു നമ്മെ എത്തിക്കുന്നത് പ്രേമമാണ്. "സ്നേഹമാണഖിലസാരമൂഴിയിൽ സ്നേഹസാരമിഹസത്യമേകമാം" എന്ന കവിവാക്യം എപ്പോഴും അനുസ്മരിക്കേണ്ടതാകുന്നു. പരിഷ്കാരപുരോഗതി ഈ മഹനീയശക്തിവിലാസത്തിന്റെ ഏററക്കുറവനുസരിച്ചിരിക്കും. സ്വാത്ഥമാണു പ്രേരകശക്തിയെങ്കിൽ ഫലം എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. മനുഷ്യനിൽ നിലീനമായ ദിവ്യശക്തി എത്രയധികം വികസിക്കുന്നുവോ, അതനുസരിച്ചു യഥാത്ഥപരിഷ്കാരവും കരസ്ഥമാവും. ബാഹ്യപ്രകൃതിജയത്തേക്കാൾ പ്രാധാന്യം ആന്തരികപ്രകൃതിജയത്തിന്നാണ്. പരിഷ്കാരഗതി ഈ വഴിക്കാക്കുവാനാണ പരിശ്രമിക്കേണ്ടതു്; എന്നാലേ പുരോഗമനം പ്രാപിക്കുവാൻ തരപ്പെടു.

# * പ്രതീക്ഷയോട്.

(ശ്രീ. സി. പി. ഗോപിനാഥൻനായർ, ബി. എ. (ഓണേഴ്സ്)

ഒററയായ് ത്തീക്കായുമ്പോളോരോ ദുർവ്വിചാരത്തിൻ
കൂട്ടമെന്നാത്മാവിനെത്തമസ്സിൽ മൂടിടുമ്പോൾ,
മന്ദമെൻമനോരംഗനേത്രത്തിൻമുമ്പിൽക്കൂടി
സുന്ദരോദാരസ്വപ്നമൊന്നുമേ പോകാത്തപ്പോൾ,
കേവലമൊരുസൂനംപോലുമെൻനിശ്ശൂന്യമാം
ജീവിതഭൂവിൽക്കഷ്ടം! സഞ്ജാതമാകാത്തപ്പോൾ,
മധുരപ്രതീക്ഷേ! നീ തൂകുക ദിവ്യാസവം
മയി, വീശുക വെള്ളിച്ചിറകം തലയ്ക്കുമേൽ.

നെയ്യുതിർത്തപോൽ നിൽക്കും ചില്ലക, ളാദീപ്തമാം
ശീതാംശുകരങ്ങളെത്തടഞ്ഞുനിർത്തും ദിക്കിൽ
രാവിൽഞാൻ നടക്കുമ്പോൾ ദുഃഖദനൈരാശ്യമെൻ
ഭാവനാവിഹാരത്തെ ഭപ്പടിപ്പിച്ചു, തിരോഷാൽ
ചാരുചാമുന്മേഷത്തെയാട്ടിയങ്ങോടിക്കുകിൽ
ഭൂരുഹപത്രൗഘമാം മേൽപ്പുരയ്ക്കുള്ളിൽക്കൂടി,
ഇന്ദുരശ്മിയോടൊപ്പമെത്തിച്ചുനോക്കിട്ടൂരെ-
യ്ക്കുന്നിരാശയാം മഹാഭൂതത്തെയോടിച്ചാലും!

നിർവ്വേദജനകമാം നൈരാശ്യം സ്വപുത്രനു
നൽകുവാനായിക്കൊണ്ടെൻ സ്വസ്ഥമാം ഹൃദന്തത്തെ
സത്വരം പിടികൂടാൻ മുതിരും സമയത്തിൽ.-
സ്ഥൂലമാമിരയ്ക്കുമേൽ ചാടുവാനൊരുങ്ങിത്താൻ
വ്യോമത്തിലവനൊരു മുകിൽ പോലിരിക്കുമ്പോ-
ളോമനപ്രതീക്ഷേ! നീ, യുജ്ജ്വലവദനത്താൽ
ദൂരത്തേയ്ക്കവനെയങ്ങോടിച്ചു പേടിപ്പിക്കൂ
ഘോരമാംനിശീഥത്തെക്കാല്യമെന്നതുപോലെ.

മൽപ്രേഷ്ഠജനങ്ങൾതൻ ദുർവ്വിധി വിലസിത-
മുൽപ്പന്നകരുണമാമോരോരോ കഥകളെ
ഭീതിവിഹ്വലമാകുമെന്നുടെ ഹൃത്താരിനോ-
ടോതിടും സമയത്തിലൊക്കെയുമലിവോടെ
ഭാസമാനാലോകയാം പ്രത്യാശേ! മമദീന-
ഭാവനയ്ക്കുന്മേഷവുമുണർവ്വും നൽകേണമേ!
അത്യന്തമധുരമാം ത്വൽസുഖസാരത്തെഞാ-
നിത്തിരി നേരത്തേയ്ക്കു കടമായ് വാങ്ങിച്ചോട്ടെ.
താവകദിവ്യാഭയെൻ ചുററുമേപൊഴിക്കനീ
തൂവെള്ളിച്ചിറകുകൾ വീശുകമൌലിക്കുമേൽ.

ക്രൂരരാം പിതാക്കളോ, നിർദ്ദയവനിതയോ
പാരമിങ്ങസൌഖ്യദസ്നേഹത്താലെന്നെങ്കിലും
ഹൃത്തടം നോവിക്കുകിലെത്രയും നെടുവീർപ്പി-
ട്ടർദ്ധരാത്രിതൻ കാറേറാടാവേശഭരിതനായ്
വല്ലതും ഗീതങ്ങൾ ഞാൻ പാടുകിൽ വൃഥാവിലാ-
യില്ലയെന്നകതാരിലാശിച്ചുവസിക്കട്ടെ.
മധുരപ്രതീക്ഷേ! നീ തൂകുകദിവ്യാസവം
മയി, വീശുകവെള്ളിച്ചിറകം തലയ്ക്കുമേൽ.

ദീർഘഭാവിയിലെന്നും മാമകരാജ്യശ്രീക്കു
ദീനതഭവിപ്പതു ഞാൻ കാണാതിരിക്കട്ടെ!
ചൊല്ലെഴും സ്വാതന്ത്ര്യത്തെ-ആയതിൻ നിഴലിനെ
യല്ല,-ത,ന്നാത്മാവിനെ,സ്വാഭിമാനത്തെസ്വൈരം
നമ്മുടെ രാജ്യം ചേർത്തും ഭദ്രമായ് പാലിപ്പതി-
യെന്നിഴിക്കീക്ഷിക്കുവാൻ സംഗതി ഭവിക്കട്ടെ!
കാന്തമാം നയനത്തിൽനിന്നനീയസാമാന്യ-
കാന്തിതൂകിയപ്പക്ഷംനീർത്തുകെൻതലയ്ക്കുമേൽ.

ദേശകർത്തർതൻപാരമ്പര്യമാം സ്വാതന്ത്ര്യമേ!
മോശമാം വേഷത്തിലും നീയെത്രസമുൽകൃഷ്ടം!
രാജധാനിതൻ നീചാഡംബരാൽ മുദിതയായ്,
നൈജമാം തലതാഴ്ത്തിച്ചാകുവാൻ തയ്യാറായ്, നീ
മേവിടുന്നതുഹാ! ഹാ! കാണുവാനെനിക്കൊട്ടും
ഭാവിയിലവസരം ഭവിക്കാതിരിക്കട്ടെ!
വ്യോമമണ്ഡലത്തിനെ യെമ്പാടും തൂവെള്ളിതൻ
കോമളത്തിളക്കത്താൽനിറയ്ക്കും പക്ഷങ്ങളെ
വിരുത്തി, ദ്യോവിങ്കൽനിന്നിങ്ങിനെ കീഴ്പ്പോട്ടു നീ
വരുന്നാവരവുഞാ,നാദരാൽ ദർശിക്കട്ടെ!

കാന്തിവൈഭവമോലും താരമൊന്നൊട്ടൊട്ടിരു-
ളേന്തിടും ജലദത്തിൻ ഭാസുരശിഖരത്തെ,
പാതിമൂടിയവിണ്ണിൻ വദനം ദൂരത്തേറെ-
ദ്യോതിതമാമ്മാറലംകരിക്കുന്നതുപോലെ,—
ഇരുണ്ടവിചാരങ്ങളെന്നുടെ വിക്ഷാദാത്മാ-
ന്തരമാമാത്മാവിനെസ്സത്വരം മൂടിടുമ്പോൾ,
നീശുഭേ! ദിവ്യാഭയെൻ ചുററുമായ് പൊഴിക്കുക,
വീശുകെൻ തലയ്ക്കുമേൽത്തൂവെള്ളിപ്പത്രങ്ങളും.

---

* കീററ്സ് എന്ന സുപ്രസിദ്ധ ഇംഗ്ലീഷ്കവിയുടെ 'To Hope'' എന്ന കവിതയുടെ ഛായ.

ചെറുകഥ.

# ഗ്രഹണം ഫലിച്ചാൽ ശാസ്ത്രം പിഴയ്ക്കാ.

[ശ്രീ. പി. എസ്. മൂസ്സതു്, ബി. ഏ, എൽ. ടി.]

പോലീസ്സു സർക്കിൾ ഇൻസ്പെക്ടർ മി. ഗോകുൽനാഥ്മേനോൻ തന്റെ യൂണിഫോറം ധരിച്ചു് "ലിലിപ്പൊഡ്ജിന്റെ" മുൻവശത്തുള്ള ചാരുകസേരയിൽ അക്ഷമനായിരിക്കുന്നു. കാർ മുൻവശത്തു തയ്യാറായി നില്ക്കുന്നു. ഭാര്യ മോഹിനിയമ്മ അടുത്തുള്ള ഒരു കസേരയിൽ കാലിന്മേൽ കാലേററി ഇരിക്കുന്നു. ഇൻസ്പെക്ടർ അടുത്തുനില്ക്കുന്ന കോൺസ്റ്റബിളിനോടു "എടാ, എത്ര നേരമായി ആ മുകുന്ദമേനോനെ കാത്തിരിയ്ക്കുന്നു. നീ വേഗം പോയി എഴുന്നള്ളിക്കു്. ഇങ്ങിനെ ഒന്നിനുംകൊള്ളാത്ത കോൺസ്റ്റബിൾ കഴുതകൾ ഉണ്ടായാൽ—" വാചകം പൂർത്തിയാകുംമുമ്പു് മിന്നലിന്റെ വേഗത്തിൽ കോൺസ്റ്റബിൾ പടികടന്നു. രണ്ടു മിനിട്ടിനകം മി. മുകുന്ദമേനവനേയുംകൂട്ടി കോൺസ്റ്റബിൾ വന്നെത്തി.

ഇൻസ്പെക്ടർ:-എന്താ മി. മുകുന്ദമേനോൻ. എത്ര നേരമായി നിങ്ങളെ കാത്തിരിക്കുന്നു. ഉദ്യോഗത്തിൽനിന്നു പിരിഞ്ഞപ്പോൾ നിങ്ങളുടെ "പംക്ചുവാലിററിയും" പിരിഞ്ഞുപോയെന്നു തോന്നുന്നു. എനിക്കൊരു "ഇൻകാസ്റ്റിന്നു പോണം. ഇററ് ഈസ് ആൾറെഡി ടെൻ(ഇപ്പോൾതന്നെ 10മണിയായി). അയാം ഡ്യൂ ദെയർ അററ് ഹാഫ്പാസ്ററ് ടെൻ (അവിടെ ഞാൻ 10½ക്കു് എത്തേണ്ടവനാണ്) ഇരിക്കുക. ഈ അസ്ട്രോലജി ബിസിനസ്സ് വേഗം കഴിയ്ക്കണം. മിസിസ്സിന്റെ നിർബ്ബന്ധംകൊണ്ടാണ്. എനിക്കതിലൊന്നും വലിയ ഫെയ്ത്തില്ല.

മുകുന്ദമേനോൻ:-മി. മേനോൻ, നിങ്ങൾ പോയിരിക്കാം എന്നാണ് ഞാൻ കരുതിയതു്. ഈ അസ്ട്രോളജി നോൺസെൻസിന്നു് നിങ്ങൾ ഇരിക്കുമെന്നാരറിഞ്ഞു. ഏതായാലും മിസിസ്സിനെ തൃപ്തിപ്പെടുത്തണമെല്ലൊ. കുട്ടന്റെ എഴുത്തുണ്ടു്. ഈ മാസം 8-ാംനു-ശനിയാഴ്ച വിവാഹം നിശ്ചയിച്ചാൽമാത്രമെ സൌകര്യമുള്ളു എന്നെഴുതിയിരിക്കുന്നു. അവൻ അസ്ട്രോളജിയിൽ ഒരു വിശ്വാസവുമില്ലാത്തവനാ. അടുത്തു സർക്കിൾ ആയി പ്രൊമോട്ടുചെയ്യുമെന്നു് എഴുതീട്ടുണ്ടു്. അവൻ ഡെയ്ററും മററും നിശ്ചയിച്ചെഴുതിയ സ്ഥിതിയ്ക്കു ഇനി അസ്ട്രോളജറെന്തിന്നാ മി. മേനോൻ.

മോഹിനിയമ്മ:- അങ്ങനെയല്ല മുകുന്ദമേനോനേ, വീട്ടിലുള്ള പഴയമുത്തശ്ശിമാർക്കുംമററും ജ്യോത്സ്യന്റെ ഒരു സമ്മതംകൂടി കിട്ടിയാലെ തൃപ്തിയാവൂ. എനിക്കും അതിൽ വല്യ ഭ്രമം ഉണ്ടായിട്ടല്ല.

ഇൻസ്പെക്ടർ:-എന്നാൽ വേഗം ആവട്ടെ. എടാ, ആ പണിക്കരെ ഇങ്ങോട്ടു് വിളിയ്ക്കു്.

പണിക്കർ ഓച്ഛാനിച്ചുകൊണ്ടു് അടുത്തുവന്നു് മുണ്ടു് കക്ഷത്തിൽവെച്ചു് വായ് പൊത്തിനില്ക്കുന്നു.

ഇൻ:-എന്താ പണിക്കരെ, എന്റെ മകൾ പത്മിനിയുടെ ജാതകവും മുകുന്ദമേനോന്റെ മകൻ കുട്ടൻനായരുടെ ജാതകവും ചെർത്തിക്കൂടേ! വിവാഹം നിശ്ചയിച്ചുകഴിഞ്ഞു. പണിക്കരുടെ സമ്മതത്തിന്നു കാത്തിരിക്ക്യാ ഇവര്.

പണി:-ജാതകങ്ങൾ ഒന്നു നോക്കീട്ടു പറയാം.

അപ്പോഴെക്കും മോഹിനിയമ്മ ജാതകങ്ങൾകൊണ്ടുവന്നുകൊടുത്തു.

ഇൻ:-വളരെയൊന്നും താമസിപ്പിക്കരുതു്. കാൽമണിക്കൂറിന്നുള്ളിൽ എനിക്കു പോണം.

പണിക്കർ ക്ഷണം രാശിചക്രങ്ങൾ വരച്ചു രണ്ടു ജാതകങ്ങളിലെ ഗ്രഹസ്ഥിതികളും മററുംവച്ചു. ദശാപഹാരങ്ങൾ വരുത്താൻ തുടങ്ങി.

ഇൻസ്പെക്ടർ വാച്ചുനോക്കി തലചൊറിഞ്ഞുകൊണ്ടു് ഇതു വലിയൊരു "ന്യൂസെൻസായല്ലൊ വേഗമാട്ടെ പണിക്കരെ. വെറുതെ കവിടി പങ്കിട്ടുകൊണ്ടു് എത്രനേരായി!"

പണി:-അവിടെയ്ക്കു ദേഷ്യംവേണ്ട. ഞാൻ കണ്ടതു പറയുന്നതിന്നു വിരോധമില്ലല്ലൊ. നുണ പറഞ്ഞാൽ അവിടുന്നു എന്നെ പിന്നീടു ശകാരിയ്ക്കില്ലെ?

ഇൻ:-ആ-വേഗം പറയാ എന്തെങ്കിലും.

പണി:-അവിടയ്ക്കു മുഷിച്ചൽ വേണ്ടാ. ഈ ജാതകങ്ങൾ ചേർച്ച്യ്ക്കു നന്നല്ല.

മുക:- ഉം?

പണി:-ഇവ കൂട്ടുകൊണ്ടു ഷഷ്ഠാഷ്ടമങ്ങളാണ്.

മുക:-എന്നാലെന്താ?

പണി:-"ഷഷ്ഠാഷ്ടമേ മരണവൈരവിയോഗദോ

ഷാ" എന്നാണ് പ്രമാണം.

ഇൻ:-തുടങ്ങിയല്ലൊ മാരണം-ശ്ലോകങ്ങൾ. പണിക്കരെ, ഇവിടെ ശ്ലോകങ്ങളും പ്രമാണങ്ങളും വെറുതെ വിളമ്പണ്ട. കാൎയ്യം പച്ചമലയാളത്തിൽ പറയൂ.

പണിക്കർ മൌനിയായിരിക്കുന്നു.

മുകു:-ഷഷ്ഠാഷ്ടമം കൊണ്ടു മാത്രമോ ചേരില്ല എന്നു പറഞ്ഞതു്.

പണി:-അല്ല, ദോഷസാമ്യം പോരാ. സ്ത്രീജാതകത്തിൽ അഷ്ടമത്തിൽ ചൊവ്വയുണ്ട്. ആ ദോഷത്തിന്നു സമമായി പുരുഷജാതകത്തിലൊന്നുമില്ല. ആ ചൊവ്വയുടെ ദശയാണ് സ്ത്രീജാതകത്തിൽ.

മുകു:-അതുകൊണ്ടെന്താ?

പണി:-"ക്രൂരേഷ്ടമേവിധവതാ—"

ഇൻ:-"നോൺസെൻസ്" എന്നുപറഞ്ഞു ഹാററ് എടുത്തു് തലയിലിട്ട് എണീററു. "ഹേ മുകുന്ദമേനോൻ, നിങ്ങളുടെ റിട്ടയർഡ് ലൈഫിൽ ഇങ്ങനെ ശ്ലോകങ്ങൾ കേട്ടിരിക്കാൻ തരക്കേടില്ല. എനിക്കു ജോലിയുണ്ട്. ഞാൻ പോണു. എല്ലാം നോക്കിവെച്ചോളിൻ. കുട്ടനു മറുപടി അയക്കുക. ശനിയാഴ്ചക്ക് ഇവിടെ എല്ലാ ഒരുക്കവും ചെയ്യാം. ഏർലിമോർണിങ്ങ 7മണിക്കൊക്കെ എല്ലാം. എന്നാൽ 10മണിയാവുമ്പോഴേക്കു ഡിന്നർ കഴിച്ചു് ഗെസ്ററുകൾക്കെല്ലാം പോവാം. "ഡ്രൈവരെ, കാർ കൊണ്ടുവരൂ".

മുകു:-വെയ്ററ് എ മിനുട്ട് മി. മേനോൻ, ഇതാ കഴിഞ്ഞു. അയാം ആൾസോ ബോർഡ്(എനിക്കും ഇതു ശല്യമായിരിക്കുന്നു.) പിന്നെ പണിക്കരോടു, "പണിക്കരെ, പിന്നെ വല്ല ദോഷവുണ്ടോ?

പണി:-ഉണ്ട്. ക്രൂരദശ. അഷ്ടമസ്ഥനായ ചൊവ്വയുടെ ദശ അവസാനിക്കുമ്പോൾതന്നെ പുരുഷജാതകത്തിൽ ശനിദശയും അവസാനിക്കുന്നു.

മുകു:-അങ്ങനെയായാൽ?

പണി: പുരുഷന്നു ആയുർദ്ദോഷം വരും.

മുകു:-തീർച്ചയോ? എപ്പോൾ?

പണിക്കർ ശ്ലോകം മെല്ലെ ഉരുവിടുന്നു "ക്രൂരേഷ്ടമേവിധവതാനിധനേശ്വരോംശേ-യസ്യസ്ഥിതോവയസിതസ്യസമേ പ്രദിഷ്ടാ—" ശരി. അഷ്ടമാധിപൻ ചൊവ്വയുടെ നവാംശത്തിലാകയാൽ വിവാഹശേഷം രണ്ടാമത്തെ കൊല്ലത്തിലാണ് ദോഷം നേരിടാൻ അവകാശം കാണുന്നതു്.

മുകു: (മ്ലാനവദനനായി) "ഇൻസ്പെക്ടർ ഇനിപോകാം. പണിക്കർ എന്തെല്ലാമോ പറയുന്നു. ഇതൊക്കെ നിങ്ങൾ പറഞ്ഞപോലെ വലിയ നോൺസെൻസാണ്. സൊമച്ച് ടൈം വെയ്സ്ററഡ് (ഇത്രസമയം പാഴായെന്നുമാത്രം.)

ഇൻ:-അതുഞാൻ ആദ്യമേ പറഞ്ഞില്ലേ. ഇപ്പോഴെങ്കിലും മോഹിനിക്കു സമാധാനമായില്ലേ? ക്രിസ്ത്യൻസിൻെറയും മൊഹമ്മഡൻസിൻെറയും ഇടയിൽ എത്ര വിവാഹം നടക്കുന്നു. ഇതൊക്കെ നോക്കീട്ടാണോ? ലവ് ഉണ്ടോ എന്നുമാത്രം നോക്കണം. ആൾ റൈററ്, മിസ്റ്റർ ഐ ഗോ.

മുകു:-(ഇൻസ്പെക്ടർ പോയശേഷം) പണിക്കരോട് എന്താ പണിക്കരെ ഇങ്ങനെയെല്ലാം പറയണതു്. ഞങ്ങൾ വിവാഹമെല്ലാം നിശ്ചയിച്ചല്ലൊ.

പണി:-എന്നെയ്ക്കാ.?

മുകു-8-ാംനു- ശനിയാഴ്ച രാവിലെ 7മണിക്ക്.

പണി:- അന്നു നക്ഷത്രം തിരുവാതിരയാണല്ലൊ. പുറമെ 7മണി ഗുളികസമയവുമാവും.

മുകു:-അതൊന്നും സാരമില്ലെന്ന്.

പണി: അതെ, അതൊക്കെ ഓരോരുത്തരുടെ മനഃസ്ഥിതിപോലെയാണ്.

മുകു: വിവാഹശേഷം 2 കൊല്ലത്തിനുള്ളിൽ കുട്ടന് വല്ല ഗ്രഹപ്പിഴയുണ്ടോ?

പണി:-കുറച്ചൊക്കെ ഉണ്ടെന്നു കണ്ടിരിക്കുന്നു.

മുകു:-അതിനെന്താ നിവൃത്തി?

പണി:-ഈശ്വരഭജനം തന്നെ.

മേലെഴുതിയ ജാതകവിചാരം കഴിഞ്ഞു രണ്ടു കൊല്ലമായി. കുട്ടൻനായരും ഭാൎയ്യയും ലിലി ലോഡ്ജിൽ വന്നിരിക്കുന്നു. പത്മിനിയമ്മയ്ക്കു ഗർഭം ഒമ്പതു മാസമായി. പ്രസവത്തിന്നു കൊണ്ടുവന്നാക്കിയിരിക്കയാണ്. കുട്ടൻനായരുടെ സ്വന്തം കാറിലാണു അവർ വന്നതു്. പത്മിനിയുടെ സിൽക്കുസാരികളും ഏററവും പരിഷ്കൂരിച്ച സ്വർണ്ണാഭരണങ്ങളും മററും കണ്ടു് ജനങ്ങൾ ആ അമ്മയുടെ ഭാഗ്യത്തെ വാഴ്ത്തിത്തുടങ്ങി. "പെൺകുട്ടികളായാൽ അങ്ങിനെവേണം തലയിലെഴുത്തു്. ഇതുനല്ല ഒരു വിവാഹത്തെ മുടക്കാൻ നോക്കിയില്ലേ ആ പണിക്കർ?. മോഹിനിയമ്മക്കും മുകുന്ദമേനോനും പണിക്കരുടെ അമംഗളവാക്കു കേട്ടപ്പോൾ വലിയ മൌഢ്യം ഉണ്ടായത്രെ! രണ്ടുകൊല്ലത്തിനുള്ളിൽ ഭർത്താവു മരിക്കുമെന്നു പൊട്ടപ്പണിക്കർ പറഞ്ഞില്ലേ? കൊല്ലം രണ്ടുകഴിഞ്ഞു വാളരെ ആയിരിക്കും. ഇ

തൊക്കെ പൊട്ടിപ്പോവില്ലാതെ മറെറാന്നുമല്ല" എന്നിങ്ങനെ പലതും പറഞ്ഞു മരുമകളെ കാണാൻവന്ന മുകുന്ദമേനോനോട്, ഇൻസ്പെക്ടർ "മി. മേനോൻ ഞാൻ അപ്പോൾതന്നെ പറഞ്ഞില്ലേ, ആ പണിക്കർ വിവാഹം മുടക്കാൻവേണ്ടിപ്പറഞ്ഞതാണെന്ന്. നിങ്ങൾക്കതിൽ വലിയ വേദനഃതോന്നി. ഇപ്പോൾ കൊല്ലം രണ്ടായില്ലേ? എന്തു ചുക്കാണുണ്ടായതു്. ഈഫ് ഐ, റിമെമ്പർ റൈററ് (If I remember right) പടമറി 1945 നവമ്പറിലാണ് കഴിഞ്ഞതു് ഇപ്പോൾ 1947 ഒക്ടോബറായില്ലേ. ഇതൊക്കെ നമ്മൾ വിശ്വസിച്ചാൽ കുടുങ്ങി. എത്രയോ നല്ല മാച്ചസ്സ് അസ്ട്രോളജർമാരുടെ ഹംബഗ്ഗുകൊണ്ടു മുടങ്ങിപ്പോയിട്ടുണ്ടു്.—

മുകു-ശരിയാണ്. എനിക്കു പണിക്കർ പറഞ്ഞതു കേട്ടപ്പോൾ കുറച്ചൊരു കുണ്ഠിതം ഉണ്ടായി. മോഹിനിയമ്മയുടെ മുഖം വാടിപ്പോകയും ചെയ്തു. മനുഷ്യരുടെ പൌരുഷംതന്നെ പ്രധാനം. പഴഞ്ചന്മാരുടെ വാക്കുകൾ കേട്ടാൽ അമളിപറ്റുമെന്നു മനസ്സിലായി.

മാസം ഒന്നു കഴിയാറായി. പത്മിനി പ്രസവിച്ചു. ഒന്നാന്തരം ആൺകുട്ടി. ലീലി ലോഡ്ജിലെ ആനന്ദത്തിന്നു അതിരില്ല. ഉടനെതന്നെ ഒരെക്സ്പ്രസ്സ് കമ്പി കുട്ടൻനായർക്കടിച്ചു. രണ്ടു ദിവസത്തിന്നുള്ളിൽ വരാമെന്നു മറുകമ്പിയും കിട്ടി. ലിലി ലോഡ്ജിലെ ജനത്തിരക്കിന്നുകയ്യും കണക്കുമില്ല. പത്മിനിയുടെ പരമഭാഗ്യത്തിൻെറ വർണ്ണനംതന്നെ സർവ്വരസനകളിലും. കൂട്ടത്തിൽ ഒരു മുത്തശ്ശി ചോദിച്ചു. "മകളെ, കുട്ടിയുടെ ജനനനാളും ഗ്രഹസ്ഥിതികളുംമററുംനോക്കിയോ?"

മോഹിനിയമ്മ:-"ഒരിക്കൽ ജ്യോത്സ്യം നോക്കിയതുതന്നെ മതിയായി. ആ പണിക്കർ അന്നു ഞങ്ങളെ പേടിപ്പെടുത്തിയതു ഇന്നും ആലോചിക്കുമ്പോൾ സഹിക്കവയ്യ ഇനിഅങ്ങനത്തെ വിഡ്ഢിത്തംപററില്ല." കുട്ടിയെക്കാണാനും അനുമോദിക്കാനും പലരും വന്നകൂട്ടത്തിൽ കുളരിക്കൽ ശിവരാമപ്പണിക്കരും ഉണ്ടായിരുന്നു. കൂട്ടത്തിൽ കുസൃതിക്കാരനായ ഒരു കാരണവർ വഴിയിൽവെച്ചു് പണിക്കരോടു "കുട്ടിയുടെ ജനനസമയം എങ്ങിനെ"പണിക്കരെ? എന്നു ചോദിച്ചു"-

"തരക്കേടൊന്നുമില്ല. അച്ഛൻെറ മുഖം ദർശിക്കയില്ലെന്നു തോന്നുന്നു." എന്നു പണിക്കർ പറഞ്ഞു-'ഹും'എന്നു കാരണവർ തുടന്നു ചോദിച്ചു. പണിക്കർ"ഒന്നാമത്തു മൂലാദ്യപാദം. പിതൃകാരകനു നീചാംശകം. അഷ്ടമസ്ഥിതി ഗുളികയോഗം. ഒമ്പതാം ഭാവാധിപനു അഷ്ടമാധിപയോഗം. ഇങ്ങനെ പലതുമുണ്ടു്." കാരണവർ-"അതുകൊണ്ടു മരണംതന്നെ ഉണ്ടാവുമോ?" പണിക്കർ-"ഉണ്ടാവും". കാരണവർ "ആവു. ഇതാരെങ്കിലും ഇൻസ്പെക്ടരെ അറിയിച്ചാൽ പണിക്കരെ, നിങ്ങളുടെ എല്ലുകൂടി ബാക്കിവെക്കുകില്ല, കേട്ടോ" പണിക്കർ- "ശരിയാണു് പുറത്തു പറയരുതെ!" ജ്യോത്സ്യത്തിനു പ്രതിഫലമായി പ്രഹരം വാങ്ങാൻ ഞാനാളല്ല. ആരെയും അറിയിക്കരുതേ." എന്നു പറഞ്ഞു് രണ്ടുപേരും പിരിഞ്ഞുപോയി.

ഉന്മേഷഭരിതമായ ലിലി ലോഡ്ജ് കുട്ടൻനായരുടെ കാറിൻെറ ശബ്ദവും പ്രതീക്ഷിച്ചു് അക്ഷമയായിരിക്കുന്നു. ഇൻസ്പെക്ടർ ചാരുകസേലയിൽകിടന്നു ഹിന്ദുപത്രം നിവർത്തിപ്പിടിച്ചിരിക്കുന്നു. എങ്കിലും ദൃഷ്ടി മുഴുവനും റോട്ടിലേക്കാണു്. മോഹിനിയമ്മ ഇടയ്ക്കിടയ്ക്കു വന്നു എത്തിനോക്കിപ്പോകുന്നു. അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും ഒരു കമ്പിശിപായി ലോഡ്ജിൻെറ മുൻവശത്തെത്തി, ഒരു കമ്പി ഇൻസ്പെക്ടരുടെ പക്കൽകൊടുത്തു് ഒപ്പുവാങ്ങി ദ്രുതിയിൽ സൈക്കിളിൽ കയറിപ്പോയി· അപ്പോൾമോഹിനിയമ്മയുടെ കണ്ണുപടത്തിൽ പതിച്ചതു് (Sad denise· Kuttan Nair· Car accident· Body inDharmapuri Hospital·) എന്നാണു്. (കുട്ടൻനായരുടെ വ്യസനകരമായമരണം-കാറപകടം-ശവശരീരം ധർമ്മപുരി ആസ്പത്രിയിൽ) പിന്നത്തെ രംഗം വായനക്കാർ ഊഹിക്കയാണു് ഭേദം. "കല്യാണരംഗങ്ങളിൽനിന്നു കേൾക്കായ്-കല്ലും ദ്രവിയ്ക്കും പരിദേവനങ്ങൾ" എന്ന മട്ടുതന്നെ· കുളക്കടവിലെ ഒരു മുത്തശ്ശിമാത്രം ഇതുകേട്ടപ്പോൾ "ഗ്രഹണം ഫലിച്ചാൽ ശാസ്ത്രം പിഴക്കില്ല, കിട്ടോ പാറു" എന്നഭിപ്രായപ്പെടുകയുണ്ടായി.

ശുഭം.

# കുമാരസംഭവം.

## ഭാഷാഗാനം.

(വിദ്വാൻ, ശ്രീ. ചെരശ്ശേരി മാധവമേനോൻ.)

—:നാലാം സർഗ്ഗം:—

1 ലവലേശം ബോധമിയലാതാവിധം
വിവശയായീടും രതിയെയന്നേരം
അസഹ്യദുഃഖദം—പുതുതാം വൈധവ്യ,-
മനുഭവിപ്പാനായുണർത്തിനാൻ വിധി.

2 ഒരുവിധം ബോധം തെളിഞ്ഞു കണ്ണുകൾ
തുറന്നുനോക്കിനാളവധാനത്തോടും;
അലംഭാവം തെല്ലും വരാതുള്ളായവ-
യറിഞ്ഞീലന്നേരം പ്രിയൻ നശിച്ചതായ്.

3 "പ്രിയതമ, ഭവാനിരിപ്പീലേ ജീവി"-
ച്ചിവണ്ണമോതിയങ്ങെഴുന്നേല്ക്കയവൾ
പുരോഭൂവി കണ്ടാൾ, പുരുഷാകാരമായ്
ഹരരോഷാനലഭസിതം കേവലം!

4 വിധുരയായ് വീണ്ടും പൊടിപുരണ്ടപോർ-
മുലത്തടത്തോടും, അഴിഞ്ഞു ചിന്നിടും
മുടിയോടും, നിലത്തുരുണ്ടു കേണാളാ-
വനസ്ഥലിക്കും മാലിയറ്റിടും വണ്ണം.

5 വിലാസികൾക്കെല്ലാമുപമാനമായി
വിലസിടും തവമനോജ്ഞമാം തനു,
ദയനീയ, മിന്നീനിലയിലായെന്തെൻ-
മനം പിളരാത്താൻ? കഠിനകൾ സ്ത്രീകൾ!

6 ക്ഷണേന സൗഹൃദം വെടിഞ്ഞു പത്മത്തെ-
യണതകന്നോരു ജലപ്രവാഹം പോൽ
ഭവദധീനജീവിതയാകുമെന്നെ-
യവിടുന്നു വെടിഞ്ഞുടനെങ്ങോടിപ്പോയ്!

7 അനിഷ്ടമായൊന്നുമറിവീല ഭവാ-
നെനിക്കു ചെയ്യതായവിടസ്സുമിവൾ,
നിമിത്തമെന്നിയേ ഭവദവിലോകനം
വിലപിക്കുമിവൾക്കരുളാത്താനെന്തേ?

8 പരാംഗനാനാമം പറഞ്ഞതുമൂല-
മരഞ്ഞാണ്ചരി ഞാൻ വരിഞ്ഞു കൊണ്ടതും,
പരാഗമക്ഷിയിൽ പതിച്ചശോകം മ-
ട്ടവതംസോൽപലമതിനാലങ്ങയെ.
അടിച്ചതുമോർത്തോ ഭവാനിന്നീവിധ-
മദൃശ്യനായെന്നെ വലച്ചിടുന്നതും

9 "വസിപ്പു നീ മമ മനസ്സി"ലീവിധം
വദിച്ച മൽപ്രിയം കളവെന്നോർപ്പു ഞാൻ.
വെറുമുപചാരപദമിതല്ലായ്കിൽ
പൊറുക്കുമോ രതി തവനാശത്തിലും?

പരലോകനവപ്രവാസിയാം തവ 10
പിറകെ പോരുന്നുണ്ടിവളും വൈകാതെ;
വിധിചതിച്ചിതിജ്ജഗത്തിനെ യുവ-
ദധീനമല്ലയോ ശരീരിണാം സുഖം.

ഇരവിലത്യന്തമിരുളടഞ്ഞീടും 11
പുരമാർഗ്ഗങ്ങളിലിടിമുഴക്കത്താൽ
ഭയം തേടും കാമിജനത്തെനീയെന്യേ
പ്രിയാഗാരം ചേർപ്പാനെവൻ സമർത്ഥനാം.

അരുണനേത്രങ്ങൾ ചുഴറ്റിച്ചും, വച- 12
സ്സനുപദം തെറ്റിയരുളിച്ചുമെഴും
പ്രമദമാരുടെ മധുമദമിനി-
യനുകരണം താൻ തവ വിയോഗത്താൽ.

കഥാവശേഷനെൻ പ്രിയസുഹൃത്തെന്നാ- 13
യറിയവേ, വന്ധ്യോദയനായിന്ദുവും
സിതേതരപക്ഷം കഴിഞ്ഞെന്നാലും തൻ-
തനുതവിട്ടിടാൻ പണിപ്പെടും നൂനം.

ഹരിതലോഹിതമനോജ്ഞമാം വൃന്ത- 14
മിണങ്ങിയാൺകുയിൽ കളനിനദത്താൽ
വെളിപ്പെടുത്തുമപ്പുതുതാം മാവിൻ പൂ-
വുരയ്ക്കുകാക്കെട്ടമിഷുവാമിന്നിമേൽ?

ശരാസനത്തിൽ നീ പലപ്പോഴും ഞാണാ- 15
യിണക്കിവന്നൊരീവരിവണ്ടിൻ നിര
കരുണമാംവണ്ണം മുരണ്ടുകൊണ്ടാർത്തി
പെരുകീടുമെന്നെയനുകരിക്കയോ.

എഴുന്നേല്ക്കു ഭവാ,നിനിയും സൗഭാഗ്യം 16
വഴിഞ്ഞീടും വപുസ്സെടുത്തുകൊണ്ടാലും.
നിധുവനഭ്രൂതീ പദത്തിലാലാപ-
മധുതുകാൻ സ്വതേ ചതുരയായെഴും
പികവധൂടിയെ നിദേശിച്ചാലു, മെ-
ന്നകമുരുകുന്ന ഹൃദയവല്ലഭ!

തലകുനിച്ചു കാലിണയിൽ യാചിച്ചും, 17
വിറച്ചും ഗാഢമായ്, പുണർന്നും ശ്രദ്ധമായ്
അനുഭവിച്ചോരാസ്സുരതങ്ങളോർത്തെൻ
മനസ്സടങ്ങുന്നീലൊരിക്കലും വിഭോ!

സ്വയം ഭവാൻ, രതികുശലനായോവേ! 18
പ്രിയത്തൊടാത്തവസുമഭൂഷതീർത്തു
ഇവളിൽ ചാർത്തിയതിതാ കാണ്മൂ ഹാ, ഹാ!
നവമനോഹരതനുവിന്നൊങ്ങവാൻ!

അരക്കപാദമോ, മുഴക്കെപ്പുശീലെ-
ന്നിങ്കാലിലങ്ങന്നതിന്നിടയ്ക്കല്ലി
വിബുധരങ്ങളെ സ്സശംസരാക്കലും
ചരികിങ്ങളായുള്ളുമുഴമിച്ചീടുവാൻ.
ചതുരതയുറം സുരനാരീജനം
ചതിയിലങ്ങളെ മയക്കിടും മുന്നെ
പതംഗമാർഗ്ഗമായിനിയും വന്ന ഞാൻ
പതിതന്നാകത്തെയലംകരിച്ചിടും.
അനുഗമിക്കമെന്നനകനെ ഞാനെ-
ന്നിരിക്കിലും, "രതിമദനനെന്നിയെ
ശ്വസിച്ചുപോലൊരുനിമിഷ,"മെന്നുള്ളോ-
രസഹ്യാപവാദമെനിക്ക സുസ്ഥിരം.
പരലോകമാർഗ്ഗാരവിടയ്ക്കൊന്ത്യമാ-
മലങ്കാരമെന്മട്ടണിയിക്കുന്ന ഞാൻ!
കരുതാതല്ലി നിൻ തനുവും ദേഹിയു-
മൊരുമിച്ചീവിധം മറഞ്ഞുപോയതും!
വളവുനീത്തിടും ശരത്തൊട, മകേ
വടിവിൽചേർത്തൊരു ശരാസനത്തൊടും.
മധുവായ്സസ്മിതം കഥിപ്പതും തവ
കടാക്ഷവുമിതാനിനച്ചിടുന്നു ഞാൻ.
കുസുമകാർമ്മുകം ചമച്ചവൻ തവ-
സുഹൃദപരൻ മധുകഥിക്കകെങ്ങിപ്പോൾ?
കരാളകോപനാം പിനാകി, തൊഴർതൻ-
സരണിതന്നെയങ്ങവനു മേകിയോ!"
വിഷംതടവിടും ശരങ്ങൾ പോലെയാ
വിലാപവാണികൾ മനം തുളയ്ക്കയാൽ
അഴലേറും മധു, രതിക്ക സാന്ത്വന-
മരുളാനായവൾക്കെതിരെ ചെന്നിതു.
കരഞ്ഞാളത്യന്തം, അവനെക്കാണ്കയാ-
ലുരോജം നോവുമാറടിച്ചാൾ തന്മാറിൽ;
അഴലതെത്രതാനടക്കിവെക്കിലും
സ്വജനത്തിൻ മുന്നിൽ വെളിപ്പെട്ടമല്ലൊ.
പറകയും ചെയ്താളവനൊടായവൾ
നിറഞ്ഞുമാലൊടും:"വസന്ത, കാൺക നീ,
കപോതകർബ്ബുരം-സുഹൃത്തിൻ ഭസ്മം-ഹാ,
കണങ്ങളായിതാവിതറുന്നു വായു!
അനങ്കകർശന, മുടനെ മന്മഥ!
ചരം പര്യുത്സുകനിതാനിന്മാധവൻ;
പുരുഷന്മാർക്കെഴുമനുരാഗം പത്താൽ
സ്ഥിരമല്ലതെല്ലും ദയിതമാർകളിൽ;

19 കരളുകായലോ സുഹൃജ്ജനങ്ങളി-
ലൊരിക്കലുമൊട്ടും വ്യതിചലിച്ചിടാ.
ബിസതന്തുലാംഗുണം, ക്കുസുമബാണ- 29
മിവയിണങ്ങും നിൻ ധനുസ്സിനാജ്ഞയെ
20 സുരാസുരമാകും ജഗത്തിനെക്കൊണ്ടി-
സ്സുഹൃൽ ചരനല്ലീയനുസരിപ്പിച്ചു?
അനിലനാംഗനിച്ചണച്ചദീപം പോ- 30
ലിനിത്തിരിച്ചിടാ, ഗമിച്ച നിൻ തോഴൻ;
21 ഇരുന്നിടുന്നു ഞാനതിൻ തിരിപോലെ-
യസഹ്യദുഃഖത്താൽ പുകയുന്നു കാൺക!
മദനമാരണമതിലെന്നെവിട്ട 31
വിധി, വധം പാതിയത്രതാൻ ചെയ്തതും:
22 അപായമില്ലെന്നതവലംബിച്ചൊരാ-
സ്സപാദപം ഗജവിഭഗ്നമാകിലോ
നിലയെന്തായതിൽ പ്പടർന്നവല്ലിക്ക
നിലംപതിക്കുകയതൊന്നു താനെന്ന്യേ.
23 അതിനാലങ്ങന്നീയുപകാരം—ബന്ധു— 32
ചിതമകും കൃത്യം—നടത്തിടേണമേ:
അനലനേകിയിവിധുരയാമെന്നെ-
യണച്ചുകൊണ്ടാലും പ്രിയനികടത്തിൽ.
24 ശശിയൊടൊത്തുതാൻ ഗമിപ്പു കൗമുദി,- 33
യശങ്കം മേഘമൊത്തദൃശ്യമാം മിന്നൽ;
വിവേകമറ്റോരുമറിയുന്നു, കാന്തൻ-
വഴിയേ പോവോരീ പ്രമദകളെന്നായ്.
25 വരാഭചരുമീ പ്രിയാംഗഭസ്മംതാ- 34
നുരോജം തന്നിൽ ഞാനണിഞ്ഞു ചെന്തീയിൽ,
പുതുതായുള്ളൊരു തളിക്കിടയ്ക്കയി-
ലതുപോലെൻ തനു സമപ്പിച്ചീടുവൻ.
26 മലർക്കിടയ്ക്കുനീ ചമയ്ക്കുവാനെങ്ങൾ- 35
ക്കലം സഹായമായ് പലപ്പൊഴും സൗമ്യ!
കരങ്ങൾ കൂപ്പി ഞാൻ നമിച്ചുയാചിപ്പൂ,
ദ്രുതം നീ തീത്താലും ചിതയിങ്ങൊന്നുമേ!
27 മദപ്പിതാഗ്നിയെ മലയവാതത്താൽ 36
വളൎത്തുകഭവാനനന്തരം വേഗം,
ക്ഷണവുമെന്നെ വിട്ടിരുന്നിടാ മമ-
കണവനെന്നതു മറിഞ്ഞതല്ലി നീ?
28 അനന്തരമിവക്കിരുവക്കുമൊന്നായ്- 37
ത്തരേണമേ ഭവാനൊരേജലാഞ്ജലി,
അതാ നിൻ ബാന്ധവൻ പരത്രപങ്കിടാ-
തല്ലലകൗതുകം കുടിക്കും ഞാനുമായ്.

38 ചലിക്കും മെന്തളിരിടചേർന്നമാമ്പൂ-
ങ്കുലകളെയും നീ സ്മരിക്ക, മാധവ!
അരുളേണം പിതൃക്രിയാദിയിൽ, തവ-
സഖാവിനേറ്റവും പ്രിയമല്ലീ ചൂതം!"
39 ഇതുവിധം മൃതിക്കൊരുങ്ങിനില്ക്കുമാ
രതിയെ, വാനിൽനിന്നുദ്ഭവായവാണി,
ജലാശയം വററി വലയും മീനിനെ-
പ്പുതുമഴപോലെയനുഗ്രഹിച്ചുതേ.
40 "മലർബാണപ്രിയേ, വിയോഗമേറെയീ-
നിലയിൽനീയനുഭവിക്കയില്ലെടോ!
ഭുവിച്ചാച്ചുമവൻ ഹരാക്ഷിവഹ്നിയിൽ
ശലഭമായ്വരാൻ നിമിത്തമെന്തെന്നും:
41 വിധിതന്നിന്ദ്രിയമിളക്കിവിട്ടുതൽ-
സുതയിലും പ്രേമം ജനിക്കമാറാക്കി
പരം നിൻ വല്ലഭ, നടക്കിയാദക്ഷാദം
സ്മരനെയാത്മഭൂശപിച്ചിതീവിധം;
അതിനെഴും ഫലമതിപ്പൊഴീവണ്ണ-
മനുഭവിച്ചുനിൽപതിയെന്നോർത്താലും.
42 പരിണയിച്ചീടും തപഃപ്രസന്നനായ്
ഗിരിജയെയെന്നാവരദൻ ശങ്കരൻ
പരമാനന്ദമാർന്നരുളുമന്നു, നിൻ-
വരനെത്തന്നെയുമ്മോടിണക്കുമീശ്വരൻ.
43 ഇവണ്ണം ധർമ്മനന്ദനാപക്ഷമെയ്യുവോൻ
വിധിശാപാവധിസ്മരന്നു നല്കിനാൻ;
ജിതേന്ദ്രിയന്മാരും, പയോദജാലവു-
മമൃതവുമമ്മട്ടശനിയും തുകം.
44 പ്രിയന്റെ സംഗമം പ്രതീക്ഷിച്ചീവപു-
സ്സിതിനാലേ, ശുഭേ! പരിപാലിക്കനീ;
കൊടുംവെയിൽകൊണ്ടു ജലം കുറഞ്ഞൊരു
തടിനി, വർഷത്തിലൊഴുകുമേ വീണ്ടും"
45 മൃതിക്കുതാൻ സ്വയമൊരുങ്ങിവാഴുമാ
രതിയെയീവിധമദൃശ്യമാംശ്രുതം
തടുത്തു;-തായതിലിയലും വിശ്വാസാൽ
മടമലർ ബാണസഖാവുമന്നേരം
വിവിധസാന്ത്വനവചസ്സുകളാലതി
വിഷാദലാഘവമവൾക്കു നല്കിനാൻ.
46 കദനത്താലേറ്റം മെലിഞ്ഞൊരു രതി
വിപദന്തം കാത്തങ്ങിരുന്നാൾ, രാത്രിയെ
കിരണങ്ങളെല്ലാം ക്ഷയിച്ചുമങ്ങിയും
പകലെഴും ചന്ദ്രകലയെന്നപോലെ.

(രതിവിലാപം എന്ന നാലാംസർഗ്ഗം കഴിഞ്ഞു.)

# *ആനന്ദം പുറത്തല്ല—— ——അകത്തുതന്നെ.

(സാഹിത്യകുശലൻ, പണ്ഡിതർ, ശ്രീ. പി. ഗോപാലൻനായർ.)

ഹേ മഹാനുഭാവാ! വിനോദമായിട്ടോ നേരം പോക്കായിട്ടോ ഞാൻ അങ്ങയുടെ വിലയേറിയ സമയത്തെ അപഹരിച്ചുവെന്നു തോന്നീട്ടുണ്ടെങ്കിൽ നിർഭാഗ്യവാനായ എന്റെ കാലദോഷമാണെന്നുമാത്രം വിചാരിക്കുന്നു. അവധികാണാത്ത ഘോരദുഃഖാഗ്നിയിൽ വീണു തപിക്കുന്ന എന്നെ ആശ്വസിപ്പിക്കുവാൻ മതിയായ കാർമേഘമാണു് അങ്ങുന്നു് എന്നെന്റെ ഭാഗ്യത്താൽ തോന്നി. അങ്ങുന്നരുളിച്ചെയ്തതായ "ആനന്ദം അകത്തുതന്നെ, പുറത്തല്ലാ" എന്ന വചനവും അതിനെ ഏകദേശം ധരിപ്പിക്കുവാൻ സൂചിപ്പിച്ച സുഷുപ്തിയെക്കുറിച്ചുള്ള ചോദ്യവും എന്നെ വളരെ ആശ്വസിപ്പിച്ചു. ഹേ പരമഗുരോ! അങ്ങേക്കനേകം നമസ്കാരം. ഇതാദ്യമേ ഞാൻ ചെയ്യാതിരുന്ന കുറ്റത്തെ കൃപയാ ക്ഷമിച്ചു് എന്നെ അനുഗ്രഹിക്കേണം എന്നു് ഒന്നാമതായി അപേക്ഷ. ശേഷം അങ്ങയുടെ മറു ചോദ്യങ്ങൾക്കു ഞാൻ മറുപടി ക്രമേണ പറഞ്ഞുകൊള്ളാം. ഞാൻ മഹാജനങ്ങളിൽ പ്രകാശിപ്പിക്കേണ്ടതും അനുഷ്ഠിക്കേണ്ടതുമായ ധർമ്മത്തിൽ പിഴച്ചവനാണെന്നു സമ്മതിക്കുന്നു. അതു മനഃപൂർവ്വമല്ല. എന്നെ തെറ്റിദ്ധരിക്കാതെ ഈ അപാരദുഃഖസമുദ്രത്തിൽനിന്നു രക്ഷിപ്പാൻ കൃപയുണ്ടാകേണം.

പാരിജാതം:- ഹേ! നിങ്ങൾ യാതൊരപരാധവും ചെയ്തിട്ടില്ല. അതോർത്തു് ലേശവും പരിതപിക്കേണ്ട. നിങ്ങളോടു രഹസ്യവും ഗുരുതരവുമായ സംഗതികളെ പറയേണ്ടതായ ഘട്ടത്തിൽ സംഭാഷണം എത്തിയപ്പോൾ അറിയേണ്ടതായ ചില സംഗതികളെ അറിഞ്ഞതിനുശേഷം സംഭാഷണം തുടരാം എന്നു വിചാരിച്ചുവെന്നുമാത്രം ധരിച്ചാൽ മതി. ദുഃഖാഗ്നിയിലാണു് നിങ്ങൾ കിടക്കുന്നതു് എങ്കിൽ, അതിൽനിന്നു മോചനം സിദ്ധിക്കേണം എന്ന വിചാരത്തിനു ശക്തിയുണ്ടെങ്കിൽ, നിശ്ചയമായും മോചനത്തിനുമാർഗ്ഗമുണ്ടെന്നു ഞാൻ നിങ്ങളെ ആദ്യമായി ധൈര്യപ്പെടുത്തുന്നു. അതിനെ വിശ്വസിച്ചുകൊണ്ടു നിങ്ങളുടെ പേരെന്താണെന്നു പറയുവിൻ. രണ്ടുപേർതമ്മിൽ കണ്ടാൽ അതല്ലയോ ആദ്യം അറിയേണ്ടതു്?

* ൭-ാം ലക്കത്തിൽനിന്നു തുടർച്ച.

എൻെറ പേർ "ദേവദത്തൻ" എന്നാണ്. "വിഷ്ണുദത്തൻ" എന്ന പിതാവിൻെറയും "മായാവതി" എന്ന അമ്മയുടെയും പേർ. ഞാൻ ഒരു ബ്രാഹ്മണനും അടുത്തുള്ള അഗ്രഹാരത്തിൽ വസിക്കുന്ന ആളുമാകുന്നു.

പാരിജാതം:-നിൽക്കട്ടെ. അപ്പുറത്തുള്ള ചോദ്യങ്ങൾക്കു മറുപടി പറയുന്നതിനുമുമ്പെ ഇപ്പോൾ പറഞ്ഞ സംഗതികളുടെതന്നെ വിവരം കുറെ സ്പഷ്ടമായറിവാനാഗ്രഹിക്കുന്ന ഞാൻ ഇതിനെക്കുറിച്ചുതന്നെ ചിലതു ചോദിക്കട്ടെയോ?

ദേവദത്തൻ:- അതനുഗ്രഹമായിട്ടു കരുതിക്കൊള്ളാം. സർവാത്മനാ ദുഃഖനിവൃത്തിക്കായി പരമാത്മമായി ശരണം പ്രാപിച്ചിരിക്കുന്ന ഒരെളിയ ശിഷ്യനെന്നു സകരുണം കരുതി എന്നെ വേണ്ടുന്ന എല്ലാവിധത്തിലും ശാസിപ്പാൻ നമസ്കരിച്ചപേക്ഷിക്കുന്നു. (എന്നു പറഞ്ഞു ദേവദത്തൻ പാരിജാതപാദാരവിന്ദത്തിൽ നമസ്കരിച്ചു.)

പരിജാതം:-"ദേവദത്തൻ" എന്ന നാമധേയം നാമകരണാനന്തരം കല്പിച്ചതല്ലേ. അതിനുമുമ്പെ എന്താകുന്നു പേർ. "ദേവദത്തൻ" എന്നതിനെ മാററിട്ടു "യജ്ഞദത്തൻ" എന്നോ മറേറതെങ്കിലും ഒരു പേർ ആക്കുവാൻ നിങ്ങൾക്കു തന്നെയോ മാതാപിതാക്കന്മാൎക്കോ സാധിക്കുമെല്ലോ. ഇപ്പോൾതന്നെ പിതാവു നിങ്ങളെ എന്താ വിളിക്കാറുള്ളതു്. "ദേവദത്തൻ" എന്നു തന്നെയോ.

ദേവദത്തൻ:-അല്ല. ചിലപ്പോൾ, "ദേവ" എന്നും ചിലപ്പോൾ "കോന്ത" എന്നും വിളിക്കും.

പാരിജാതം: ഇതുപോലെ അമ്മയും ചില അരിമപ്പേർ പറഞ്ഞുവിളിക്കും ഇല്ലയോ?

ദേവദത്തൻ:-ഉവ്വ്. അങ്ങനെ പറഞ്ഞതു ശരിയാണ്. ഇതുപോലെതന്നെ സ്നേഹിതന്മാരും ചിലർ ചിലപ്പോൾ ഓരോ പേർ പറഞ്ഞു വിളിക്കാറുണ്ടു്.

പാരിജാതം:-ശരി. അപ്പോൾ നിങ്ങളുടെ പേരിനു സുസ്ഥിതിയില്ല. അല്ലേ? അതെന്തുകൊണ്ടാണങ്ങിനെ വന്നതെന്നു നിങ്ങൾ ചിന്തിച്ചിരിക്കയില്ല. എന്നാൽ ഞാൻ പറയാം. ആ നാമധേയങ്ങളെല്ലാം കല്പിതങ്ങളാണ്. കല്പിതങ്ങളായ യാതൊന്നിനും സ്ഥിരതയില്ല. അവ അസ്ഥിരങ്ങളാണെന്നു നിങ്ങൾ ധരിക്കേണം. ഏതേതു കല്പിതങ്ങളോ അതൊക്കെ അസ്ഥിരങ്ങൾ എന്നൊരു സാമാന്യനിയമം നിങ്ങൾക്കു സമ്മതംതന്നെയോ? ആക്ഷേപം ഉണ്ടെങ്കിൽ പറയാൻ വിരോധമില്ല, ഞാൻ പറയുന്നതൊക്കെ നിങ്ങൾ സമ്മതിക്കേണമെന്നില്ല. തൃപ്തിപ്പെട്ടാൽ പൂൎണ്ണസമ്മതത്തോടുകൂടെ ആ നിയമത്തെ സമ്മതിക്കേണം. അതിൽപിന്നെ സംശയമുണ്ടാവാൻ പാടില്ല. ഇപ്പോൾ നമ്മൾ ഗൌരവമേറിയ ഒരു സംഗതിയെ സ്ഥാപിപ്പാനാണു സംഭാഷണം ചെയ്യുന്നതു്. അതു ഇന്ദ്രിയപ്രത്യക്ഷമായ സംഗതിയല്ല. ബുദ്ധികൊണ്ടു കാണേണ്ടതായ കാൎയ്യമാണ്. അതിനാൽ ശാസ്ത്രത്തിനും യുക്തിക്കും സമ്മതമാണെന്നു കണ്ടാൽ അതിനെ നിസ്സംശയമായി വിശ്വസിക്കേണം. വിശ്വാസത്തിനുറപ്പുണ്ടായാൽ ആ സംഗതി ശുദ്ധബുദ്ധിവൃത്തിയിൽ അനുഭവപ്പെടും. മാതാപിതാക്കന്മാർ സ്നേഹിതന്മാർ എന്ന പലരും നിങ്ങൾക്കൊരോ നാമധേയം കല്പിച്ചുവെന്നിരിക്കട്ടെ. അതു നിങ്ങളുടെ ഈ വ്യക്തിയെ-സ്പഷ്ടമായവർകാണുന്ന ഈ പരിമിതമായ ശരീരത്തോടുകൂടെ ലൌകികവ്യവഹാരം നടത്താൻവേണ്ടി കല്പിച്ച നാമധേയങ്ങളാണ്. അതിനാൽ അവക്കു സ്ഥിരതയില്ല. ഏതൊന്നിനു സ്ഥിരതയില്ലയോ അതു സത്യമല്ല. കല്പിതമാണ് എന്ന ന്യായവും നിങ്ങൾക്കു സമ്മതമോ. ആലോചിച്ചു മറുപടി പറയുവിൻ. ബദ്ധപ്പെടേണ്ട. ഇന്നു് ഇപ്പോൾതന്നെ സംസാരിച്ചു തീൎച്ചപ്പെടുത്താൻ സാധിക്കുന്നതുമല്ല. ഇനിയും എല്ലാദിവസവും ഒഴിവുള്ളപ്പോൾ ശാന്തമായിരുന്നു സംസാരിച്ചു ഒരുവിധം സംതൃപ്തനാവാൻ ശ്രമിച്ചാൽ മതി. ഇത്രനേരം നമ്മൾ നടന്നു സംസാരിച്ചു. ഇനിയിവിടെയിരുന്നു ഒരു മണിക്കൂർ സമയംകൂടെ നമുക്കു സംസാരിക്കാം. ഈ സ്ഥലം ഏതാണെന്നു നിങ്ങൾക്കു മനസ്സിലായൊ?

ദേവദത്തൻ:-വലിയ അനുഗ്രഹമായി. എൻെറ താപം ഈ സമയത്തിൽ എന്നെ ബാധിക്കുന്നില്ല. വളരെ ആശ്വാസം തോന്നുന്നുണ്ടു്. കല്പിതം അസത്യം എന്നതു സമ്മതിക്കാതെയിരുന്നാൽ ഞാൻ മനുഷ്യൻ തന്നെയല്ല. പശുപ്രായൻ എന്നതു നിശ്ചയം. സത്യം സ്വതെയുള്ളതാകയാൽ കല്പിക്കേണ്ടതാവശ്യമാകയില്ലല്ലോ. ഇല്ലാത്തതിനെയല്ലേ കല്പിക്കേണ്ടതുള്ളു. കല്പിതം അസത്യം എന്നും അതിനു സ്ഥിരതയില്ലെന്നും ഞാൻ സമ്മതിച്ചു. എന്നാൽ എനിക്കൊരു നാമധേയം വേണ്ടയോ? അതെന്താണെന്നു എനിക്കറിയേണമെന്നുണ്ടു്. ഈ ലോകത്തിലുള്ള സകലരുടെ പേരും ഇതുപോലെ കല്പിതം എന്നു വന്നാൽ അവക്കൊന്നും സത്യമായ നാമധേയം ഇല്ലെന്നുതന്നെയോ ഉറപ്പിക്കുവാ

# മാതൃഭൂമിഗീതാഷ്ടകം

(ശ്രീ. പി. കെ. കണ്ണൻനായർ, ന്യായശിരോമണി, ആയുർവ്വേദാലംകാരം.)

പല്ലവി

"ഭാരതവസുധെ" ദേവി കൃപാംകുരു, താവകമനുജകുലെ

അനുപല്ലവി

വാരിജബാന്ധവസൂനുപുരോഗമ-ഭൂരിമഹാജന-
മണ്ഡിത ജനനി

ചരണം

1 മാതസ്താവക സതതാനുഗ്രഹ-
സുചിരാഭീപ്സിതലാഭസുകൃതകാഃ
"ഗാന്ധിമഹാശയ" നെന്നൊരു പ്രമുഖാ
വിദധതി ലോകസഭാന്തെ പ്രമുദം.

2 ജനകാശോകപ്രഭൃതി മഹീപതി-
ഭൂരിയശസ്തതി ബൃംഹിതവിഭവാ
സുചിരം ധർമ്മസംസ്ഥിതിദീനാ
ദൈവാദധുനാമുക്തവിബന്ധാ

3 ചിരകാലാർജ്ജിത സമ്രാൾ പദവീം
ഹാതുമശക്താസ്സാർത്ഥപരായെ
യൌരോപീയാ സ്സമ്പ്രതി ദൈവാൽ
കഥമപി യാതാ സ്സ്വാംകിലനിലയം

4 പാശ്ചാത്യപ്രവരാണാം സുചിരം
മോഹദ്ധ്വാന്തമലീമസമനസാം

ർ ഭാവിക്കുന്നത്. അങ്ങിനെയാണെങ്കിൽ ഇത്ര അനേകനാമധേയങ്ങൾ എങ്ങിനെ ഉണ്ടായി.? എന്താവശ്യത്തിന്നുണ്ടായി എന്നതിൽ എനിക്കു ഭ്രമം തോന്നുന്നുണ്ട്. അതിന്നൊരു പരിഹാരം കരുണയോടുകൂടെ അരുളിച്ചെയ്യണം. ഈ സ്ഥലം ഏതാണെന്നെനിക്കു മനസ്സിലായില്ല. ഈ ഭാഗത്തിൽ ഞാൻ മുമ്പു വന്നതായിട്ടു ഓർക്കുന്നില്ല. എന്നാലും ഇവിടെ എത്തിയപ്പോൾ ആണെല്ലൊ അങ്ങയെ കാണ്മാൻ ഇടവന്നത് എന്നുമാത്രമല്ല എന്റെ മനസ്സിന്നും എന്തെന്നറിയാൻ സാധിക്കാത്ത വിധത്തിൽ ഇതുവരെ അനുഭവിച്ചറിയാത്തതായ ഒരു വിശ്രാന്തിയും സിദ്ധിച്ചിരിക്കുന്നു. അതിന്നു മുഖ്യകാരണം അങ്ങയുടെ സന്ദർശനസംഭാഷണലാഭം തന്നെയെന്നു ഞാൻ കരുതുന്നുണ്ട്. എങ്കിലും സ്ഥലത്തിന്നും വിശേഷഗുണമുണ്ടെന്നു തോന്നുന്നു. ഏതാണ് സ്ഥലം അരുളിച്ചെയ്യണം.

പാരിജാതം:- ഗുരുവായൂർ, ഗുരുവായൂർ എന്ന ഒരു മഹാക്ഷേത്രത്തിന്റെ പേരു കേട്ടിട്ടുണ്ടായിരിക്കുമല്ലൊ. നേരെ പടിഞ്ഞാറു കാണുന്ന ആ ഗോപുരം ആ ക്ഷേത്രത്തിന്റെ കിഴക്കേനടയാണ്. ഈ മഹത്തായ ആലിന്ന് മഞ്ഞളാൽ എന്നാണ് പേർ. ഈ ആൽത്തറയിൽ ഇരുന്നു നമുക്കു അല്പസമയം സംഭാഷണം തുടരാം. അഞ്ചുമണിയായാൽ എനിക്ക് സ്നാനാദിനിത്യവൃത്തികൾക്കായി പോകേണം. നിങ്ങൾക്കു തിരിച്ചുപോവാൻ തിടുക്കമില്ലെങ്കിൽ ഈ മഹാദേവസന്നിധിയിൽ ഇന്ന് എന്നോടൊരുമിച്ചു കൂടുന്നതും ദേവദർശനം കഴിക്കുന്നതും ഇഷ്ടമാണെങ്കിൽ അങ്ങിനെ നിശ്ചയിക്കുവിൻ. ബ്രാഹ്മണനാണെന്നു പറഞ്ഞുവല്ലൊ. ഈ ക്ഷേത്രത്തിലും ദേവന്റെനിവേദ്യാദികളിലും കാലാനുസരണമായ റേഷൻ ബാധിച്ചതുകൊണ്ടു ക്ഷേത്രത്തിൽ മുമ്പത്തെപ്പോലെ സൌജന്യമായിട്ടാഹാരം കിട്ടുമോ എന്നു സംശയമുണ്ട്. ബ്രാഹ്മണർ നടത്തുന്ന ഭോജനശാലകൾ ഉണ്ട്. ആഹാരത്തിന്നവിടെ പോകേണ്ടിവരും. സമയംതെറ്റാതെപോയാൽമാത്രമേ കിട്ടുകയുള്ളു. എന്തു വിചാരിക്കുന്നു?

ദേവദത്തൻ:-

"അഹോ ഭാഗ്യം! അഹോ ഭാഗ്യം!
നന്ദഗോപവ്രജൌകസാം
യന്മിത്രം പരമാനന്ദം
പൂർണ്ണം ബ്രഹ്മസനാതനം"

എന്ന പദ്യം അച്ഛൻ പലപ്പോഴും കീർത്തിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. ആനന്ദസ്വരൂപം പ്രത്യക്ഷമായിട്ടു ഗുരുവായൂരമ്പലത്തിൽ വിളങ്ങുന്നുണ്ട് എന്നു പലതും പറഞ്ഞും, വിശേഷിച്ച് "തത്താവൽ ഭാതി സാക്ഷാൽ ഗുരുപവനപുരേ ഹന്തഭാഗ്യം ജനാനാം" എന്ന ഭട്ടപാദരുടെ നാരായണീയാദ്യപദ്യവും അച്ഛൻ നിത്യം കീർത്തിക്കുന്നതും കേട്ടിട്ടുണ്ട്. എങ്കിലും ഈ സന്നിധാനം സന്ദർശിപ്പാൻ ഇതുവരെ സാധിച്ചിട്ടില്ല. അങ്ങയുടെ സന്ദർശനം എന്നെ ഈശ്വരസന്നിധിയിൽതന്നെ എത്തിച്ചു. ഇപ്പോൾ ഞാൻ ധന്യനായെന്നുതന്നെ ഉറയ്ക്കുന്നു. ഈ മഹാപുണ്യസന്നിധിയിൽ എത്തിയ ഞാൻ ഇന്നു മാത്രമല്ല ഒരു മൂന്നു ദിവസമെങ്കിലും ഇവിടെ കുളിച്ചു നിത്യവൃത്തികൾ കഴിച്ചു താമസിച്ചിട്ടേ മടങ്ങുന്നുള്ളു. ആഹാരാദികളെക്കുറിച്ചൊന്നും പരിഭ്രമമില്ല. അതെല്ലാം ഏതോ വിധത്തിൽ ആയാലും വിരോധമില്ല. സാധുസംഗതി തന്നെ മോക്ഷകാരണം എന്നിനിക്കു ബോധപ്പെട്ടു. (ഇത്രയും പറഞ്ഞ് രണ്ടുപേരും മഞ്ഞളാൽത്തറയിൽ കയറിയിരുന്നു സംഭാഷണം തുടർന്നു.)

(തുടരും.)

# ഐക്യകേരളത്തിൻെറ സ്ഥിതിവിവരക്കണക്കുകൾ.

(സ. നാ.)

കാലവിളംബംകൂടാതെ ഐക്യകേരളം ഉടലെടുക്കുമെന്നുള്ള പ്രതീക്ഷയ്ക്കു് ദൈനംദിനം ശക്തി വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ സന്ദർഭത്തിൽ ഐക്യകേരളത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ അറിയുന്നതു് വായനക്കാർക്ക് പ്രയോജനകരമായിരിക്കുമല്ലൊ. അതിനാൽ ഏതാനും വിവരങ്ങൾ ചുവടെ ചേർക്കാം:—

കൊച്ചിസംസ്ഥാനത്തുള്ള ജനങ്ങളിൽ 91 ശതമാനംപേരുടെ മാതൃഭാഷ മലയാളവും, 5 ശതമാനത്തിൻേറതു് തമിഴും, 2 ശതമാനത്തിൻേറതു് കൊങ്കണിയും ആകുന്നു. കൊങ്കണികൾ മലയാളം സംസാരിക്കുന്നവരാണു്. തിരുവിതാംകൂറിൽ മലയാളം മാതൃഭാഷയായിട്ടുള്ളവർ 84·6 ശതമാനവും, തമിഴ്മാതൃഭാഷയായിട്ടുള്ളവർ 14·6 ശതമാനവും ഉണ്ടു്. ഒടുക്കം പറഞ്ഞവരിൽ 12 ശതമാനംപേർ മലയാളം സംസാരിക്കുന്നവരാണു്.

കാസർഗോഡ് താലൂക്കിലെ ജനങ്ങളിൽ 70 ശതമാനംപേർക്ക് മലയാളം സംസാരിക്കാൻ കഴിയും.

നീലഗിരി ഡിസ്ട്രിക്റ്റിലുള്ള ഗൂഡലൂർ താലൂക്ക് ഒരുകാലത്തു് മലബാർ ഡിസ്ട്രിക്റ്റിൽ ഉൾപ്പെട്ടതായിരുന്നു. അവിടെയുള്ളവരുടെ പ്രധാനഭാഷ മലയാളമാണെന്നു 1931-ലെ സെൻസസ്സിൽ പ്രസ്താവിച്ചിരിക്കുന്നു. പുറമെനിന്നു് അവിടെച്ചെന്നു് താമസിക്കുന്ന കൂലിക്കാരാണു് കന്നാടകം, തമിഴ്, തെലുങ്ക്, കുറുമ്പ എന്നീ ഭാഷകൾ സംസാരിക്കുന്നതു്.

തിരുവിതാംകൂർ സംസ്ഥാനത്തിൻെറ വിസ്തീർണ്ണം 7662 ച. നാഴികയും, ജനസംഖ്യ മൊത്തത്തിൽ 6070000വും, വരവു് എട്ടരകോടി ക.യും ആണു്.

കൊച്ചിയുടെ വിസ്തീർണ്ണം 1492 ച.നാഴികയും, ജനസംഖ്യ 1422000വും, വരവു 3 കോടി 34 ലക്ഷവും ആണു്.

മലബാറിന്നാകട്ടെ 5790 ച. മൈൽ വിസ്തീർണ്ണമുണ്ടു്. ജനസംഖ്യ 39 ലക്ഷം. വരവു 2കോടി 63 ലക്ഷം.

കാസറഗോഡിൻെറ വിസ്തീർണ്ണം 762 ച. നാഴികയാണു്. 3 ലക്ഷത്തി 52 ആയിരം ജനങ്ങളുണ്ടു്.

ഗൂഡലൂറിൻെറ വിസ്തീർണ്ണം 125 ച. മൈലും ജനസംഖ്യ 32000 വും ആണു്.

മേല്പറഞ്ഞ സംസ്ഥാനങ്ങൾക്കെല്ലാംകൂടി 15832 ച. മൈൽ വിസ്തീർണ്ണമാണുള്ളതു്. ജനസംഖ്യ 118 ലക്ഷവും, റവന്യൂ വരവു 15 കോടി ക. യും ആണു്. സമുദായം തിരിച്ചുനോക്കിയാലുള്ള കണക്കു താഴെ ഉദ്ധരിക്കാം:—

| സംസ്ഥാനം. | ഹിന്ദുക്കൾ. | മുസ്ലിമങ്ങൾ. | ക്രിസ്ത്യാനികൾ |
|---|---|---|---|
| തിരു:— | 3671480 | 434150 | 1963491 |
| കൊച്ചി:— | 902133 | 109186 | 409602 |
| മലബാർ:— | 2478653 | 1337760 | 75052 |

ഐക്യകേരളത്തിൽ ഉൾപ്പെടേണ്ട മേല്പറഞ്ഞ രാജ്യവിഭാഗങ്ങളിലെല്ലാംകൂടി 11806844 ജനങ്ങൾ ഉണ്ടെന്നും, അവരിൽ 6918002 ഹിന്തുക്കളും, 1881098 മുസ്ലിമങ്ങളും, 2432937 ക്രിസ്ത്യാനികളും ആണെന്നും ഒരു കണക്കു കാണുന്നു. ഹിന്തുക്കളെന്നു പറയുന്നതിൽ ഈഴവരാദി പിന്നോക്കസമുദായങ്ങളും പുലയരാദി അധഃകൃതവർഗ്ഗങ്ങളും ഉൾപ്പെട്ടുമെന്നു വിശേഷിച്ചു പറയേണ്ടതല്ലോ.

—o—

---

സ്വർഗ്ഗസ്ഥാ ബോധയേഥാകാർയ്യേഃ
സമ്പ്രതിതാനിംഗശരണം യാമഃ
5 "ഭാരതവസുധ" ജീയാത്സുതതം
ഭാരതമണ്ഡലമദ്യപവിത്രം
ശ്രീയശോനയശോഭിമഹാജന-
ലാളനജം, സുഖമാസ്വ, ചിരന്തം
6 പഥ്യമപഥ്യം ഹാനചമുഖ്യം
ജാനീതെതാഭപത്യമമൂ
അദ്യാരഭ്യതാൽ കൃപയാനഃ
സ്വസ്ഥിരബോധസ്സുതതമമൂ
7 പ്രസവിത്രീ, സ്വശീല്യപരാക്രമ-
ശ്രീമശോനയമണ്ഡിതതനയാൻ
മാതസ്ത്വാവകഭവതാനുഗ്രഹ-
ലാഭകിമിഹനസിദ്ധ്യതി? ദേവി
8 പുത്രാഭിപ്സിതഭാനവരവ്രത-
പൂർത്ത്യാചരണനിബദ്ധസുകൃതകെ
നിത്യം താവകമഹിമാതിശയം
ഗീത്യാഭിമഷ്ടമ. ഭക്ത്യാസഹിതം.

ശുഭം.

ശ്രീഃ

# "ഗാന്ധിനിർവ്വാണം."

(ശ്രീ: വടക്കേപ്പാട്ട് നാരായണൻ നായർ, വടവന്നൂർ.)

---

വിരളാലയനാമ, മേഹലീ
നഗരേ ഭാതിമഹാത്മ ഗാന്ധിനഃ
സുഖവാസഗൃഹം മനോഹരം
കിമപി പ്രാർത്ഥനമണ്ഡപാഞ്ചിതം. 1
ഉപശാന്തവിശുദ്ധസാത്വിക-
വ്യവഹാരൈർന്നിജശിഷ്യസഞ്ചയൈഃ
ജഗതഃ സ്ഥിതയെ സവൈഷ്ണവം
വ്രതമുഗ്രം ചരതീഹ പാവനം. 2
ഇഹ "ബാപ്പൂജി" നാമിതം സ്ഥിതം
ചലിതം സ്വപ്നമിഹേതി സസ്പൃഹം
അഭിലക്ഷ്യ, ദിനേദിനേ, നവാ-
തിഥയോ യത്ര ഭജന്തി ധന്യതാം. 3
"ഹരിജൻ" "നവജീവനാ"ഖ്യയാ
നവഗാന്ധിസ്മൃതിസാര സം"ഗ്രഹഃ"
സമുദേതി യദന്തരിക്ഷതഃ
സമയേ സർവ്വതമോ വിമോചനഃ. 4
സഹി "പണ്ഡിതനേരു പാടലേ-"
പ്രമുഖാനാം ഭരണാധികാരിണാം
വിമതസ്ഥവിഹസ്തഭർത്ത-
പ്രഭൃതീനാം ച യഥാർത്ഥ ദേശികഃ. 5
ചിരസഞ്ചിത സത്യനിഷ്ഠതാ-
പ്രഥയാ സർവ്വസമത്വവാഞ്ഛയാ
സകലൈഃ പരിപൂജ്യതേ ജനൈഃ,
തപസാ നിർമ്മല ധർമ്മയോഗിനാ. 6
കരണത്രയസാമ്യമുത്തമം
ഉധതാ/കാമഹതേന കർമ്മസു
ഉപദിഷ്ടമദാഹൃതം ച തത്
ഭഗവദ്ഗീത മസക്തജീവിതം. 7
നവപൌരുഷയോഗപദ്ധതിഃ
വ്രതസത്യാഗ്രഹവിഗ്രഹാത്മികാ
അപദാനശതൈരിതസ്തതോ
വിനിയുക്താസ്യ മഹത്വമാദധൗ. 8
കൃതകൃത്യമഗൃധ്നുതന്മനോ
ബഹിരന്തർന്നിയമൈർന്ന ബാധ്യതേ
സമസത്യസുധീരയാ ഹൃദി
സ്ഥിതയാ ചേതനയാ തു ധാര്യതേ. 9
നഹിതസ്യ പരാത്മയോഗിനഃ
കരണീയം കിമപീഹ വിദ്യതേ
തദപീശ്വര ചോദനാം സമ-
പ്രകൃതിസ്ഥാമനുപാലയത്യസൌ. 10

പൃഥഗാത്മതയാ വിവർജ്ജിതഃ
സമഭാവോ ഹി മഹത്വലക്ഷണം
തദിദം ശിവരതാ സമഷ്ടിതാ-
പ്യമൃതത്വം ച സമം സമന്വിതം. 11
അതിവർത്തിത ദേശകാലഗ-
വ്യവധാനാന്തഗതാത്മ സത്തയാ
അയമീശ്വരവത്സ്ഥിതോ വിഹാ...!
പരമായാപരിഖണ്ഡിതോ ഭവൻ. 12
അഥ "സർവ്വജിദാ" ഖ്യ "ജീവനാ-
ശ"മിതേ തത്രകലൌ മൃഗേരുണേ
ഉദിതഃ ക്ഷയപക്ഷപഞ്ചമാ
ഭഗവാൻ മൈത്ര്യഗുരോഃ സ വാസരഃ 13
അയഥാപുരമുത്പതത്പ്ലവാ-
ശിവഹലാരവ പൂരിതാംബരഃ
കടുകൌശികകണ്ഠനാള നി-
ർഗ്ഗളിതാ ക്രോശ വിശേഷഭീഷണഃ 14
പവനപ്രതികൂലമാരുതോ-
ദ്ധതധൂളീപടലാനി ധൂസരഃ
കലികാല ഭുജംഗ ഫൂത്കൃത-
ജ്വലിതാ കമ്പിത സർവ്വദിക്തടഃ 15
ഉദയാദ്രിതടസ്ഥകണ്ടക-
ക്ഷതതരക്ഷതാധികലോഹിതാരുണഃ
ഹരതാ ബത ദേവ ഭാരത-
ഹൃദയമത്യാഹിത മാഹിതം ഭുവി. 16
"അവിതർക്കിതമസ്തദിക്തട--
സ്ഫുടനവ്യഗ്രമദൃഷ്ടദുഷ്ക്രമം
അധരോത്തരണം ഭുവഃ കിമ-
പ്യശുഭം സമ്പ്രതി സംഭവിഷ്യതി". 17
ഇതിഹന്ത സമഷ്ടിചേതനാ-
പരിണാമോഗ്രവിമർദ്ദഘോഷണാ
പരിതോ വിരളാലയം, പ്രതി
ധ്വനിതാശാന്ത ശമാശാതയത്. 18
വിരളാലയഗാ മഹാത്മനഃ
പ്രിയശിഷ്യാ ജഗദുഃ സമുത്ഥിതാ:
നിജവാഗ്വിലോചനാംസയോ:
സ്മരണം സ്വപ്നകഥാശ്ച ഭീഷണാഃ 19
അഥ വൃത്ത നിശാന്ത കൃത്യമാ-
ചരിതസ്നാന ജപാർച്ചനാം മുനിം
നിജലേഖനകാര്യദർശിനഃ
കൃതഹസ്താസ്സരസോപതസ്ഥിരേ. 20

ദിഷ്ട:കില സൌഖസുപ്തികാ:
പരിചര്യ്യാരസികാശ്ച കന്യകാ:
സ്വഗൃഹാദതിഥയശ്ച "ബാപ്പുജി"-
ക്ഷണകാമാ: ക്രമശ: സമാഗമൻ. 21
ചരിത പ്രതിദേഹ്യ പത്രികാ:
പഠമാനീയ തദാവിചത് സ്വയം
അപിതസ്യ തു ജീവസാക്ഷിണി
പ്രതിഭാതം കിമപീതി വേത്തിക:. 22
സ്ഥാപിതാ സുകൃതേന തക്ഷിതാ
തപസാ തപദുരാ ച സംസ്തൃതാ
മഹതാം പ്രതിപത് പ്രഗത്ഭതാ
സഫല കാലാന്തരിതേപി വസ്തുനി. 23
പരിദൃഷ്ട പരാവരസ്യ സം-
ശയഹീനസ്യ മഹാത്മനോ മന:
അപി ശാന്തമദൃഷ്ട വൈഭവാത്
അരതി ഗ്രസ്തമിവാദ്യ വീക്ഷിതം. 24
സ്ഥിതമാസിത മുത്ഥിതം ക്വചി
ച്ചലിതം ചാപ്യവിശിഷ്ടഹേതുകം
തദമന്യത കർമ്മസംക്ഷയേ
ഹൃദയഗ്രന്ഥിവിഭേദലക്ഷണം. 25
അനിമേഷമലക്ഷ്യവൃത്തി ത-
ന്നയനം നിർവൃതതാരകം ക്വചിത്
സമലക്ഷ്യത സംമുഖാപത-
ദ്വിഷയസ്പർശ ചിരായിതേന്ദ്രിയം. 26
ഉപദേശ കഥാ ച നാചലൽ
പദവാക്യാർത്ഥ വിശേഷഭാസുരാ
നവരാഷ്ട്രിയ ധർമ്മ യോഗസം
ഗതഗീതോപനിഷദ്വിരാജിതാ. 27
നമഖാദ ഫലാനി പൂർവ്വവത്
നവപൌര സംഭൃതമാജകം പയ:
നഗിരാ സ വധൂർവ്യനോദയത്
നച ബാലാൻ ബത പർയ്യലാലയത്. 28
"മമ ധീര മൂതിർവ്വരം ഭവേ-
ദധുനൈലാനാളികാസ്രുതാപി വാ"
ഇതി യോഗ ദശാമനാ കദാ-
ച്യുദിതം തൽ മുഹുരദ്യസംസ്തുതം. 29
"അവിനാശമഭൌതികം മഹ-
ദ്ഭുര സ്ത്വി"തി യദുക്തമന്യദാ
തദൻ-സ്മൃത ശൈഥിലൌകിക-
ഗ്രഹശൈഥില്യനിബന്ധനം ജനൈ: 30

ഇതിഹേതു വിഹീനമാകുല-
വ്യഥിതാസ്വാസ്ഥ പരസ്പരൈ: ജനൈഃ
കഥമപ്യതി വാഹിതം ദിനം,
സവിതാ ചാസ്തമയോന്മുഖോ ഭവത്. 31
ജനതാപനിവൃത്തിഹേതുതാ-
ഭ്രമസമ്മാനിതമിത്ര വിപ്ളവ
ചരമാദ്രിതടസ്ഥഗൈരിക-
ച്ഛവിലിപ്താംബുദഖണ്ഡമണ്ഡിതേ 32
വിരതാഖില രാജകീയ സം-
വ്യവഹാരാലയ കാര്യസംഭ്രമ
രവിതപ്തദിഗംഗനാഗണ-
ക്ഷണവിക്ഷിപ്തപയോധരാംബരേ. 33
അചിരപ്രഭവിഷ്യദംധതാ-
നിയതാഗ്രേസരദഗ്വിപത്തയേ
സമയേ സമവർത്തി മാരുത-
ധൃതനിർവ്വാപിത സർവ്വദിക്തടേ. 34
വിരളായലവിസ്തൃതാങ്കണോ-
ല്ലസിതപ്രാർത്ഥനമണ്ഡപേ തദാ
മിലിതാ ഗുണജാതികർമ്മഭി-
ർവ്വിവിധാഃ പഞ്ചശതാധികാ ജനാ: 35
"കൃതപൂർവ്വനിരന്നതാവ്രത-
ക്ഷപിതോ പീഡിതസിദ്ധിബൃംഹിത:
"മദനാ"ക്രമ വന്ധ്യതാമിത-
സ്വഹരി പ്രാർത്ഥന സാർത്ഥകത്വധീ: 36
സമഹാമതിരാത്മദർശനം
ക്ഷണമസ്തഭ്യമിഹ പ്രദാസ്യതി
സ്ഫുടയിഷ്യതി ചാത്മനിർവൃതി-
പ്രദഗൂഢാർത്ഥ വിശേഷമാർഗ്ഗണം". 37
ഇതികൌതുകതോദിദൃക്ഷയാ
വിവിധാർത്ഥപ്രതിപത്തിലിപ്സയാ
നവഭാരതരാഷ്ട്രിയസ്ഥിതി-
പ്രതിസംസ്കാരവിധാബുഭുത്സയാ. 38
പ്രഭവോ വണിജ: പുരാവിദോ
ഭൃതകാരാജസഭാധികാരിണ:
ദ്വിജവൃദ്ധാ വയസ്ഥദുർബ്ബലാ
വിമതാ: ക്രൈസ്തവനാസ്തികാസ്തികാ: 39
ശിഖഹിന്ദു മഹമ്മദാ: കൃതാ-
കൃതവിദ്യാ വിവിധാശ്ച യോഷിത:
മലിനാ-മലവേഷ ഭാഷണ-
പ്രതിഭാശ്ചാത്ര സമം സമാഗതാ: 40

(തുടരും)

# പ്രസാധകക്കുറിപ്പുകൾ.

**കാബൂൾ സർവ്വകലാശാലയും സംസ്കൃതവും:—**

അഫ്ഘാനിസ്ഥാനത്തെ കാബൂൾ സർവ്വകലാശാലയിൽനിന്നു, ഭാഷാവിഷയത്തിൽ സർവ്വകലാശാലാബിരുദം നേടുവാനുദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്ക സംസ്കൃതവുംകൂടി നിർബ്ബന്ധവിഷയമായിരിക്കുമെന്നു പ്രസ്തുത സർവ്വകലാശാലാധികൃതന്മാർ തീർച്ചപ്പെടുത്തിയിരിക്കുന്നുവെന്നു അറിയുന്നതിൽ ഞങ്ങൾ ആനന്ദഭരിതരായിരിക്കുന്നു. അഫ്ഘാൻ ഭാഷയായ "പുഷ്ട്" ഭാഷയെ പൂർവ്വാധികം ശാസ്ത്രീയഭാഷയാക്കുവാനും, അതിൻെറ മഹത്വത്തിന്നു മാററുകൂട്ടുവാനുമാകുന്നു ഈ നിശ്ചയം ചെയ്തിട്ടുള്ളതെന്നു കാബൂൾ സർവ്വകലാശാലാധികൃതന്മാർ സമർത്ഥിക്കുന്നതു് എല്ലാ നിലയിലും സമുചിതമാകുന്നു. സംസ്കൃതഭാഷയോടു ഇന്നത്തെ "പച്ചപരിഷ്കാരിക"ളായ ചില യുവജനങ്ങൾക്ക (നമ്മുടെ നാട്ടുകളിൽ) അവജ്ഞയുണ്ടെന്നു കാണുമ്പോൾ, കേവലം മുസ്ലിം ജനപദമായ അഫ്ഘാനിസ്ഥാനം സംസ്കൃതത്തിന്നു കൂടുതൽ പ്രാധാന്യം കല്പിക്കുന്നതു്, ആ ഭാഷയെ ബഹുമാനിക്കാത്ത ഇന്ത്യക്കാരിൽ പലരുടെയും കണ്ണു തുറപ്പിക്കുവാൻ ഒരു ഒന്നാന്തരം മാർഗ്ഗമായിട്ടുണ്ടെന്നാണു ഞങ്ങൾ വിശ്വസിക്കുന്നതു്. ഇന്നും യഥാർത്ഥ പൌരസ്ത്യവിദ്യാഭ്യാസതത്വജ്ഞന്മാർ സംസ്കൃതത്തിന്നു തന്നെയാണു മററു സകല ഭാഷകളെക്കാൾ മഹത്വം കല്പിക്കുന്നതെന്നുള്ള സംഗതിയും നാം പ്രത്യേകം ധരിക്കേണ്ടതാണ്. അന്യരാജ്യക്കാർകൂടി സംസ്കൃതത്തെ പ്രത്യേകം ആദരിക്കുന്നുണ്ടെന്നു ഇനിയും പല ലക്ഷ്യങ്ങളും ഉദ്ധരിക്കുവാൻ കഴിയും. പക്ഷെ, നമ്മുടെയിടയിലുള്ളവർ "മുററത്തെ മുല്ലയ്ക്കു മണമില്ലെ"ന്നുള്ള നിലയിൽ സംസ്കൃതത്തെ വെറുക്കുന്നുണ്ടെങ്കിൽ ആ ദേവഭാഷയ്ക്കു ഒരു കാലത്തും ഇടിച്ചിലിന്നിടവരില്ലെന്നാകുന്നു ഞങ്ങൾക്കുള്ള പ്രബലമായ അഭിപ്രായം.

**തിരുവിതാകൂറിലെ പാഠപുസ്തകങ്ങൾ:—**

തിരുവിതാംകൂർ ഗവമ്മേണ്ടു് ആ സംസ്ഥാനത്തിലെ സകല പാഠശാലകളിലെയ്ക്കുമുള്ള പാഠപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ട ഭാരം തങ്ങൾതന്നെ കയ്യേററിരിക്കുന്നു. പാഠപുസ്തകം നിശ്ചയിക്കുന്ന കാര്യത്തിലുള്ള ഇന്നത്തെ സമ്പ്രദായം തൃപ്തികരമല്ലെന്നാണു ഗവമ്മേണ്ടിൻെറ അഭിപ്രായം. അതിനാൽ ഗവമ്മെണ്ടു്, ഇന്നു നിലവിലുള്ളവയും, ഉപയോഗിപ്പാൻ കൊള്ളാവുന്നവയുമായ പാഠപുസ്തകങ്ങളെ വിലയ്ക്കുവാങ്ങുവാനും, പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുവാനും, നിശ്ചയിക്കുവാനും മററുമായി ഒരു പദ്ധതി തെയ്യാറാക്കുന്നതിന്നായി ഒരു കമ്മിററിയെ രൂപവൽക്കരിക്കുകകൂടി ചെയ്തിരിക്കുന്നു.

പാഠപുസ്തകങ്ങളെ സംബന്ധിച്ചേടത്തോളം മദിരാശി, കൊച്ചി, തിരുവിതാംകൂർ എന്നു തുടങ്ങിയ എല്ലാ ഗവമ്മെണ്ടുകളും ശരിയായ ശ്രദ്ധപതിപ്പിക്കുന്നില്ലെന്നുള്ള ഒരു പ്രബലമായ ആക്ഷേപം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ആ നിലയ്ക്കു ഉപയോഗമുള്ള നല്ലനല്ല പുസ്തകങ്ങൾ പാഠപുസ്തകങ്ങളായിത്തീരുവാനും, തക്ക പുസ്തകങ്ങൾ എഴുതുന്ന ഗ്രന്ഥകാരന്മാരെ പ്രോത്സാഹിപ്പിക്കുവാനും, തന്മൂലം ഭാഷയ്ക്കു കൂടി അഭിവൃദ്ധി വരുത്തുവാനും തിരുവിതാംകൂർ ഗവമ്മേണ്ടു ഉദ്ദേശിക്കുന്നതു ആശാസ്യമാണെന്നു പറയാതെ കഴിയൂ. ഈ നയം മദിരാശി, കൊച്ചി എന്നീ ഗവമ്മേണ്ടുകൾക്കും ഒരു സാധനപാഠമായി ഭവിക്കട്ടെ എന്നാകുന്നു ഞങ്ങളുടെ പ്രാർത്ഥന.

**പുതിയ പുസ്തകങ്ങൾ:—**

കവിതിലകൻ ശ്രീ. വടക്കുംകൂർ രാജരാജവർമ്മ രാജാവിൻെറ "മഹാകവി മേല്പുത്തൂർ നാരായണഭട്ടതിരി", ശ്രീ. വെള്ളംകുളത്തു് കരുണാകരൻനായരുടെ "പ്രബന്ധപഞ്ചകം", ബ്രഹ്മശ്രീ. വെബ്ളിയസ്സ് ലക്ഷ്മണൻ നമ്പൂതിരിപ്പാടിൻെറ "നവോദയം" എന്നീ പുതിയ പുസ്തകങ്ങൾ ഇതിനിടെ നന്ദിപൂർവ്വം ഞങ്ങൾക്കു കൈപ്പററിയിരിക്കുന്നു. സാഹിത്യകുശലൻ, പണ്ഡിതർ, ശ്രീ. പി. ഗോപാലൻനായരുടെ "ശ്രീപഞ്ചദശി" (ഭാഷവ്യാഖ്യാനം) തുടങ്ങിയ മററു പല വിശിഷ്ടഗ്രന്ഥങ്ങളും ഞങ്ങൾക്ക ഇതിന്നു മുമ്പുതന്നെ അയച്ചുകിട്ടിയിട്ടുണ്ടു്. പലതരത്തിലുള്ള അസൌകര്യങ്ങളാൽ അവയുടെ അഭിപ്രായം പറഞ്ഞുകഴിഞ്ഞിട്ടില്ല. ഇനി ഒട്ടും താമസിയാതെ എല്ലാ ഗ്രന്ഥങ്ങളുടേയും അഭിപ്രായങ്ങൾ യഥാക്രമം ഞങ്ങൾ പറയുന്നതാണ്. സാഹിത്യവിഷയത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തുവാൻ കടപ്പെട്ട ഞങ്ങൾക്ക പല തരത്തിലുള്ള അസൌകര്യങ്ങളാൽ പുസ്തകാഭിപ്രായങ്ങൾ പറയുവാൻ വന്നുപോയ താമസത്തെപ്പററി ഞങ്ങൾ നിർവ്യാജം വ്യസനിക്കുന്നു.